## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2015 മാർച്ച് 17, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--306]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1761 മുതൽ 1838 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി | : 1839 മുതൽ 1887 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി | : 1888 മുതൽ 1989 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി | : 1990 മുതൽ 2066 വരെ |

### ജനക്ഷേമ പദ്ധതികൾ

1761. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകളും സർക്കാരിന് കീഴിലെ മറ്റു സ്ഥാപനങ്ങളും നടപ്പാക്കുന്ന ജനക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നതിന്റെ സമ്പൂർണ്ണ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കൾക്ക് വേണ്ട അർഹതാ മാനദണ്ഡങ്ങൾ, സഹായത്തുക, അപേക്ഷ നൽകേണ്ട രീതി, അപേക്ഷ നൽകേണ്ട വിലാസം എന്നിവയുൾപ്പെടെയുള്ള വിവരം ലഭ്യമാക്കുമോ?

### കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ

1762. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തികവർഷം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്നും അവയിൽ ഏതിനെല്ലാം അംഗീകാരം നൽകിയെന്നും അവ

ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

<u>കേരള സ്റ്റേറ്റ് അക്രഡിറ്റേഷൻ കൗൺസിൽ</u>

1763. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കേരള സ്റ്റേറ്റ് അക്രഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതു സംബന്ധിച്ച ഫയലിന്മേൽ മുഖ്യമന്ത്രി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും കൗൺസിൽ എപ്പോൾ രൂപീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>സഹകരണ പരീക്ഷാ ബോർഡ് വഴിയുള്ള നിയമനങ്ങളിലെ സാമുദായിക സംവരണം</u>

1764. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പരീക്ഷാ ബോർഡ് വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങളിൽ സാമുദായിക സംവരണം പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ സാമുദായിക സംവരണം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>നവരത്ന പദ്ധതികൾ</u>

1765. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവരത്ന പദ്ധതികൾ ഏതെല്ലാമാണ് ; ഈ പദ്ധതികൾ ഓരോന്നും എന്നുമുതൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പദ്ധതികളും പൂർത്തിയാക്കാൻ എന്ത് തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഓരോ പദ്ധതിക്കായും സംസ്ഥാന ഖജനാവിൽ നിന്നും ഇതിനകം ചെലവാക്കിയ തുക എത്രയെന്ന് അറിയിക്കാമോ;;

(ഡി) ഈ പദ്ധതികൾ ഓരോന്നും ഏത് തീയതിയ്ക്കുള്ളിൽ കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ ?

## <u>റൈറ്റ് ടു ഹിയറിംഗ് പദ്ധതി</u>

1766. ശ്രീ.ലൂഡി ലൂയിസ്

,, എം.പി.വിന്‍സെന്റ്

,, ആര്‍ . സെല്‍വരാജ്

,, ജോസഫ് വാഴയ്ക്കന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് റൈറ്റ് ടു ഹിയറിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) സര്‍ക്കാര്‍ സേവനങ്ങള്‍ വേഗത്തിലും കാര്യക്ഷമമായും ജനങ്ങള്‍ക്ക് ലഭിക്കുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നതെന്നു വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ആരുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നതെന്നു വ്യക്തമാക്കാമോ?

## <u>കേന്ദ്ര സര്‍ക്കാര്‍ പദ്ധതികള്‍ പ്രയോജനപ്പെടുത്തുന്നതിന് കര്‍മ്മപദ്ധതി</u>

1767. ശ്രീ.കെ.ശിവദാസന്‍ നായര്‍

,, ഡൊമിനിക് പ്രസന്റേഷന്‍

,, ഹൈബി ഈഡന്‍

,, വി.റ്റി.ബല്‍റാം : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ പദ്ധതികള്‍ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം കര്‍മ്മപദ്ധതികളാണ് ഭരണതലത്തില്‍ സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാര്‍ക്ക് നിര്‍ദ്ദേശങ്ങള്‍ നല്‍കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഏങ്കില്‍ പ്രസ്തുത നിര്‍ദ്ദേശങ്ങളുടെ ഉള്ളടക്കം വിശദീകരിക്കുമോ;

(ഡി) ഇത് മോണിറ്റര്‍ ചെയ്യുവാന്‍ ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## <u>കേന്ദ്ര ബഡ്ജറ്റില്‍ സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങള്‍</u>

1768. ഡോ.കെ.ടി.ജലീല്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എപ്പോൾ ആണ് സമർപ്പിച്ചത്; പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിന് തൊട്ടുമുൻപ് മുഖ്യമന്ത്രി ആരെയെല്ലാം നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി; വിശദമാക്കാമോ?

<u>വിവരാവകാശ നിയമ പ്രകാരം ലഭിച്ച രേഖകളുടെ സാക്ഷ്യപ്പെടുത്തൽ</u>

1769. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമ പ്രകാരം നല്കുന്ന രേഖകൾ പൊതു അധികാരി സാക്ഷ്യപ്പെടുത്തി നൽകണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഹൈക്കോടതി വിധി പാലിയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

<u>സേവനാവകാശ നിയമം</u>

1770. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം ബാധകമാക്കിയ വകുപ്പുകളിൽ, സേവനം സമയ ബന്ധിതമായി ലഭ്യമായില്ലായെന്ന പരാതി 2014 വർഷത്തിൽ ഓരോ വകുപ്പിലും എത്രയെണ്ണം വീതം ലഭിച്ചുവെന്നും,അതിന്മേലുണ്ടായ തീർപ്പ് എന്താണെന്നും വിശദീകരിക്കാമോ;

(ബി) സേവനാവകാശം ബാധകമാക്കിയ സംഗതികളിൽ അപേക്ഷകൾ നൽകിയാൽ നിയമപ്രകാരം സമയ നിഷ്ഠയോടെ സേവനം അപേക്ഷകന് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സമ്പ്രദായം എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ പരിശോധന നടത്തിയ റിപ്പോർട്ടുകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ നടപടിയുണ്ടാകുമോ?

<u>സേവനാവകാശ നിയമം</u>

1771. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,,** ആർ . സെൽവരാജ്
**,,** ഷാഫി പറമ്പിൽ
**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മിഷൻ 676 ന്റെ ഭാഗമായി സംസ്ഥാനത്ത് സേവനാവകാശ നിയമം രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സേവനാവകാശ നിയമം ഓരോ വകുപ്പിലും നടപ്പാക്കുന്നത് ആരുടെ നേതൃത്വത്തിലാണ്; വിശദാംശങ്ങൾ നല്കുമോ ?

<u>പെൻഷൻ പ്രായം</u>

1772. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വകുപ്പുകളിൽ / സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും കർമ്മപദ്ധതി</u>

1773. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, വി.റ്റി.ബൽറാം

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് അറിയുവാനും പരിഹാരം കാണുവാനും ഈ ഗവൺമെന്റ് എന്ത് കർമ്മപദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) കർമ്മപദ്ധതിയുടെ ഭാഗമായി എന്തെല്ലാം പരിപാടികൾ നടപ്പാക്കുകയുണ്ടായി;

(സി) പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പരിപാടികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും മാറ്റുന്നതിനും ജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി?

## ന്യൂഡൽഹി കേരള ഹൌസ്

1774. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിലെ കേരളഹൌസിൽ മുറികൾ റിസർവ്ചെയ്യുന്നതു സംബന്ധിച്ച് പൊതുഭരണ പൊളിറ്റിക്കൽ വകുപ്പ് ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ എന്ത് മാനദണ്ഡമനുസരിച്ചാണ് മുറികൾ റിസർവ് ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) മുറികൾ റിസർവ് ചെയ്യുന്നതിന് എന്തെങ്കിലും പ്രോട്ടോക്കോൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) കേരളഹൌസിലെ രണ്ടു ബ്ലോക്കുകൾക്കും പ്രത്യക മാനദണ്ഡങ്ങളാണോ ; ആണെങ്കിൽ വിശദമാക്കാമോ ;

(ഇ) മുൻമന്ത്രിമാർ, മുൻ എം.പി.മാർ, മുൻ എം.എൽ.എ.മാർ, പൊതുമേഖല കോർപ്പറേഷൻ ചെയർമാൻമാർ, വൈസ്ചാൻസലർമാർ എന്നിവർക്ക് പഴയ ബ്ലോക്കിൽ മുറികൾ റിസർവ് ചെയ്യാൻ പാടില്ലായെന്ന് പൊതുഭരണ പൊളിറ്റിക്കൽ വകുപ്പിൽനിന്ന് ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

## ഗവണ്മെന്റ് സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സംവിധാനം

1775. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പാക്കിയതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും എം.എൽ.എ മാർക്കും ഫയൽ ഫോളോഅപ്പ് ചെയ്യുന്നതിന് നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഏതെല്ലാം എം.എൽ.എ മാരാണ് സർക്കാരിന് നിവേദനം നൽകിയിട്ടുള്ളത്; ഇതിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) ഇ-ഫയലിംഗിന്റെ ഭാഗമായി ഫയൽ പൊസിഷൻ അറിയുന്നതിന് എം.എൽ.എ മാർക്കും പാസ്സ് വേഡും ഐ.ഡി യും നൽകുമോ; ഇതിനെന്തെങ്കിലും നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ;

(ഡി) ഇ-ഫയിലിംഗ് നടപ്പാക്കിയപ്പോൾ ഒരു ഫയലിന് തന്നെ വിവിധ ഫയൽ നമ്പരുകൾ

വരുന്നത് ജനപ്രതിനിധികൾക്ക് ഫോളോ അപ്പിന് വളരെയധികം പ്രയാസം നേരിടുന്നതിന് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇ-ഫയിലംഗ് മൂലം പല ഫയലുകളിലും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>സർക്കാർ ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ</u>

1776. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കൽപ്പിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ രണ്ട് ആഴ്ചയിൽ കൂടുതലായി തീർപ്പ്കൽപ്പിക്കാതെ ഇരിക്കുന്ന ഫയലുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഫയലുകളും അപേക്ഷകളും പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഏറ്റവും കൂടുതലും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുന്ന ജീവനക്കാർക്ക് പ്രത്യേക പാരിതോഷികം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>വീൽചെയർ സംവിധാനം</u>

1777. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്ന അംഗപരിമിതർക്ക് എന്തെല്ലാം പ്രത്യേക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ഓഫീസുകളിൽ വീൽചെയർ സംവിധാനം ഇത്തരക്കാർക്ക് ലഭ്യമാണോ;

(സി) അംഗപരിമിതരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഓഫീസുകളിലും സെക്രട്ടേറിയറ്റ്, ജില്ലാ കളക്ടറേറ്റ് തുടങ്ങിയ ഓഫീസുകളിലും വീൽചെയർ സംവിധാനവും പ്രത്യേക സൗകര്യങ്ങളുമൊരുക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്ര</u>

1778. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിലവിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) 2015 ഫെബ്രുവരി മാസംവരെ ഔദ്യോഗികാവശ്യങ്ങൾക്കായി എത്ര സർക്കാർ ഉദ്യോഗസ്ഥർ വിദേശരാജ്യങ്ങൾ സന്ദർശിച്ചു എന്നും ആരൊക്കെ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്നും അറിയിക്കുമോ ;

(ഡി) ഓരോ യാത്രയ്ക്കും ഒരോ ഉദ്യോഗസ്ഥനും വേണ്ടി സർക്കാർ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

## നിയമനത്തിൽ സംവരണം

1779. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ അർദ്ധ-സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയിലാണ് നിയമനകാര്യങ്ങളിൽ സംവരണ തത്വങ്ങൾ പാലിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ നേരിട്ട് ശമ്പളം നൽകുന്ന ഏതൊക്കെ സ്ഥാപനങ്ങളിലാണ് സംവരണതത്വം നിയമനത്തിൽ പാലിക്കപ്പെടാത്തത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ സംവരണം പാലിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

## ജനസമ്പർക്ക പരിപാടി

1780. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിക്ക് ആവശ്യമായ തുക കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ബി) അത്രയും തുകയുടെ വിഭവസ്രോതസ്സ് വ്യക്തമാക്കാമോ;

(സി) ഈ തുക ബഡ്ജറ്റ് കണക്കുമായി എങ്ങനെ ബന്ധപ്പെടുത്തും എന്ന് വ്യക്തമാക്കാമോ?

## ജനസമ്പർക്ക പരിപാടിയിൽ കാസർഗോഡ് ജില്ലയിൽ നിന്ന് ലഭ്യമായ അപേക്ഷകൾ

1781. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ കാസർഗോഡ് ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പരാതികൾക്ക് ഇതുവരെ പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്ന വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിൽ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ എത്ര എണ്ണം ഉണ്ടായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ?

## ജനസമ്പർക്ക പരിപാടിയിലൂടെ വിതരണം ചെയ്ത തുക

1782. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ എത്ര തുക വിതരണം ചെയ്തെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര തുക ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഇനത്തിൽ ഇനി എന്തു തുക നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) നാളിതുവരെ ജനസമ്പർക്ക പരിപാടികളുടെ സംഘാടനത്തിനായി എത്ര തുക ചെലവഴിച്ചെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ?

## മന്ത്രിമാരുടെ വിദേശ യാത്രകൾ

1783. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷംചീഫ് വിപ്പ് നടത്തിയ വിദേശ യാത്രകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിയും ചീഫ് വിപ്പും വിവിധ ഘട്ടങ്ങളിലായി നടത്തിയ ആദ്യാവസാനം വരെയുള്ള യാത്രാ പരിപാടികൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിദേശ യാത്രാ പരിപാടിയിൽ ഏതെങ്കിലും മന്ത്രി നിശ്ചയിക്കപ്പെട്ടിരുന്ന യാത്രാ പരിപാടിയിൽ മാറ്റം വരുത്തി മറ്റേതെങ്കിലും സ്ഥലം കൂടി

സന്ദർശിക്കുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ?

<u>മന്ത്രിമാരുടെ ശമ്പളം</u>

1784. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മന്ത്രിമാരുടെ ശമ്പളത്തിൽ കുറവുവരുത്താൻ തീരുമാനിച്ചിരുന്നോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതനുസരിച്ച് ഓരോ മന്ത്രിക്കും എത്ര രൂപ ശമ്പളത്തിൽ കുറവുവരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തീരുമാനം നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

<u>എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ</u>

T 1785. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ രോഗികളുടെ ബാങ്ക് വായ്പ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(സി) വായ്പ എഴുതി തള്ളുന്നതിനുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര തുക ഇതിനായി ഇതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) എത്ര പേരുടെ വായ്പ ഇതു ഉപയോഗിച്ച് എഴുതി തള്ളിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാനുള്ള പദ്ധതി</u>

1786. **ശ്രീ.പി.എ.മാധവൻ**

**,,** ടി.എൻ. പ്രതാപൻ

**,,** വി.ഡി.സതീശൻ

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി

കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>വിജിലൻസ് അന്വേഷണം നേരിടുന്ന ഐ.എ.എസ്., ഐ.പി.എസ് ഉദ്യോഗസ്ഥൻമാർ</u>

1787. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ് ഉദ്യോഗസ്ഥൻമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;ഇതിന്റെ ഭാഗമായി സർവ്വീസ്സിൽ നിന്നും മാറ്റി നിർത്തപ്പെട്ടവരുടെ വിശദാംശം വെളിപ്പെടുത്താമോ?

<u>സംസ്ഥാനത്തുള്ള ഐ.എ.എസ്. തസ്തികകൾ</u>

1788. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒഴിഞ്ഞുകിടക്കുന്ന ഐ.എ.എസ്. തസ്തികകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർവ്വീസിൽ പ്രവർത്തിക്കുന്ന സംസ്ഥാന കേഡറിലുള്ള ഐ.എ.എസ്.കാർ എത്രയെന്ന് വ്യക്തമാക്കാമോ?

<u>അടൂരിൽ സബ്ക്കോടതി</u>

T 1789. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പരിഗണനാലിസ്റ്റ് പ്രകാരം നാളിതുവരെ എവിടെയെല്ലാം കോടതികൾ നിലവിൽ വന്നു ;വ്യക്തമാക്കുമോ;

(ബി) അടൂരിൽ സബ്ക്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം ;വിശദമാക്കുമോ ;

(സി) അനുബന്ധവിഷയത്തിന്മേൽ നിലവിലുള്ള കാലവിളംബം പരിഹരിക്കുന്നതിന് വേണ്ട

നടപടി സ്വീകരിക്കുമോ ?

<u>നീതിന്യായ വകുപ്പിന് വേണ്ടിയുള്ള ധനവിനിയോഗം</u>

1790. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോർട്ട് കോംപ്ലക്സുകൾക്ക് ഭരണാനുമതി നൽകി; ഏതെല്ലാം; എത്ര രൂപയുടെ ; ഓരോന്നിന്റെയുംപ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ബി) നീതിന്യായ വകുപ്പിന് വേണ്ടി കഴിഞ്ഞ വർഷം എത്ര തുക നീക്കിവച്ചു; എത്ര ചെലവഴിച്ചു;

(സി) തുക മുഴുവൻ ചെലവഴിച്ചില്ലെങ്കിൽ എന്താണ് കാരണം എന്ന് പഠിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>തമിഴ് നാട് തേനിയിൽ ഭൂഗർഭ പരീക്ഷണം</u>

1791. **ശ്രീ.എ. കെ. ശശീന്ദ്രൻ**
**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് തേനിയിൽ ഭൂഗർഭ പരീക്ഷണം നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ; വെളിപ്പെടുത്താമോ;

(ബി) യുനെസ്കോയുടെ പൈതൃക മേഖലയായി പ്രഖ്യാപിച്ച പശ്ചിമ ഘട്ടത്തിൽ ഇത് നടത്തുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ;

(സി) കേരള അതിർത്തിയിൽ നിന്നും 20 കിലോമീറ്ററും ഇടുക്കി അണക്കെട്ടിൽ നിന്ന് 30 കിലോമീറ്ററും അകലെയുള്ള സ്ഥലത്ത് പരീക്ഷണം നടത്തുന്നത് ഇടുക്കി അണക്കെട്ടിനേയും തേനി ജില്ലയിലെ മറ്റു അണക്കെട്ടുകളെയും ബാധിയ്ക്കുമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പരിക്ഷണം നടത്തുന്നതിന് വെള്ളം ആവശ്യമായതിനാൽ മുല്ലപ്പെരിയാർ അണക്കെട്ടിൽ ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കുറയുമെന്ന കാര്യവും കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ നടപടി സ്വീകരിയ്ക്കുമോ?

<u>കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരദേശ മാപ്പ് നിർമ്മാണം</u>

1792. ശ്രീ.എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരദേശ സംരക്ഷണ അതോറിറ്റി 2011-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്, നാളിതുവരെ ഏതെല്ലാം ജില്ലകളുടെ മാപ്പ് തയ്യാറാക്കി, മാപ്പ് തയ്യാറാക്കാൻ ചിലവ് വഹിക്കുന്നതാര്, ആയതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ , കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

<u>ശാസ്ത്ര വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ് തുകയുടെ വർദ്ധന</u>

1793. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര,സാങ്കേതിക, പരിസ്ഥിതി മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും മികച്ച വിദ്യാർത്ഥികൾക്ക് കൗൺസിൽ നൽകുന്ന ഫെല്ലോഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ശാസ്ത്രനയം</u>

1794. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് മാത്രമായി ശാസ്ത്ര നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കാമോ;

(ബി) ശാസ്ത്ര സാങ്കേതിക രംഗത്ത് ഗവേഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുള്ളത്; ഏതെല്ലാം മേഖലകളിൽ ;വിശദാംശം ലഭ്യമാക്കാമോ;

(സി) ശാസ്ത്ര ഗവേഷണത്തിന്റെ ഭാഗമായി എന്തെങ്കിലും എടുത്തുപറയത്തക്ക നേട്ടം കൈവരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം</u>

1795. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനവുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം രൂപീകരിച്ച സമിതിയുമായി സർക്കാർ 2014 ആഗസ്റ്റ് 22 നും 2014 ഒക്ടോബർ 27 ന് ഡൽഹിയിൽ വച്ചും നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന് ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഇന്ത്യൻ ന്യൂട്രീനോ ഒബ്സർവേറ്ററി പദ്ധതി</u>

1796. ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ്
ശ്രീ.പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനിയിലെ ഇന്ത്യൻ ന്യൂട്രീനോ ഒബ്സർവേറ്ററി പദ്ധതി കേരളത്തിന് ഏതെങ്കിലും തരത്തിൽ ദോഷകരമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ന്യൂട്രീനോ പരീക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉയർന്നിട്ടുള്ള ആശങ്കകളെക്കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലായാൽ സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളെയാണ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ജൂനിയർ ഇൻസ്പെക്ടർ പ്ലംബർ തസ്തിക നിയമനം</u>

1797. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പരിശീലന വകുപ്പിലേക്ക് ജൂനിയർ ഇൻസ്പെക്ടർ പ്ലംബർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കാറ്റഗറി നമ്പർ 457/2008 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നത്;

(ബി) 2009 ൽ നോട്ടിഫിക്കേഷൻ വന്ന് 2011 ൽ പരീക്ഷ നടത്തിയ ഈ തസ്തികയിൽ പരീക്ഷാഫലം പുറപ്പെടുവിക്കുന്നത് വൈകാൻ ഇടയായ സാഹചര്യം

വിശദീകരിക്കാമോ;

(സി) അടിയന്തരമായി ഫലം പുറപ്പെടുവിച്ച് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## തൃശ്ശൂർ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തിക

1798. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 29-ാം തീയതി നിലവിൽവന്ന തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്കാണ് ഇതുവരെ നിയമനം നൽകിയത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ പ്രാബല്യം ഒരു വർഷം കൂടി വർദ്ധിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ നിയമനം

T 1799. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണ്; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ ; പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ബി) ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്തു ലഭിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

## തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ്ഗ്രേഡ് നിയമനം

1800. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് നിയമനത്തിനായി തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ഏത് വരെയായി എന്നുള്ള വിശദവിവരം ലഭ്യമാക്കാമോ ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയിട്ടുണ്ടോ ; കാലാവധി എന്നാണവസാനിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏത് വകുപ്പുകളിൽ ഏത്ര ഒഴിവുകൾ വീതമെന്നും വ്യക്തമാക്കാമോ ?

## പി .എസ്. സി. പരീക്ഷാ റാങ്ക് ലിസ്റ്റുകളുടെ പ്രസിദ്ധീകരണം

1801. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ എച്ച്. എസ്. എസ്. റ്റി. ഫിസിക്സ്, ഹിസ്റ്ററി, ഹിന്ദി വിഷയങ്ങളുടെ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയത് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) എച്ച്. എസ്. എസ്. റ്റി. ഫിസിക്സ്, ഹിസ്റ്ററി, ഹിന്ദി വിഷയങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## പി എസ് സി നിയമനം

1802. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി എസ് സി അഡ്വൈസ് മെമ്മോ നൽകിയിട്ടും, പല വകുപ്പുകളും നിയമനം നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം നിയമനങ്ങൾ അടിയന്തരമായി നടത്തുവാൻ നിർദ്ദേശം നൽകുമോ?

## പി. എസ്. സി. റാങ്ക് പട്ടികകൾ

1803. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആസ്ഥാന ആഫീസിലും മേഖലാ ഓഫീസുകൾ, ജില്ലാതല ആഫീസുകൾ എന്നിവയിൽ ഓരോയിടത്തും വിജ്ഞാപനം ചെയ്ത എത്ര കാറ്റഗറികളിലെ റാങ്ക് പട്ടികകൾ തയ്യാറാക്കാൻ അവശേഷിക്കുന്നു; വ്യക്തമാക്കുമോ;

(ബി) ഉദ്യോഗാർത്ഥികൾ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിക്കുന്നതുമൂലം തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിലായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

## പി.എസ്.സി നിയമനം

1804. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.3.2015 ൽ കാലാവധി അവസാനിക്കുന്ന ഏതെല്ലാം തസ്തികകളുടെ പി.എസ്.സി റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്;

(ബി) അവയിൽ ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര വീതം നിയമനങ്ങൾ നടത്തുകയുണ്ടായി;

(സി) ഒരാളെ പോലും നിയമനത്തിനായി ശിപാർശ ചെയ്യാതെ റദ്ദായി പോകുന്ന എത്ര റാങ്ക് ലിസ്റ്റുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി യെ അറിയിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പ് തലവൻമാർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഇ) ഓരോ വകുപ്പിൽ നിന്നും പി.എസ്.സി യെ അറിയിച്ച ഒഴിവുകൾ എത്രയെന്ന് 1.2.2015 ലെ കണക്ക് പ്രകാരം വ്യക്തമാക്കാമോ;

(എഫ്) ഒഴിവുകൾ യഥാസമയം പി.എസ്.സി യെ അറിയിക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ;

(ജി) ജില്ലാതല നിയമനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി പി.എസ്.സി യുടെ ജില്ലാ ഓഫീസുകളിൽ എന്തെല്ലാം ആധുനിക സംവിധാനങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി പരീക്ഷ

1805. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ പല ചോദ്യങ്ങളും റദ്ദാക്കി മൂല്യനിർണ്ണയം നടത്തുന്നത് ഒഴിവാക്കി കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തുന്നതിനും ചോദ്യങ്ങളിലെ പിശകുകൾ ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

1806. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലായി നിലവിലുള്ള എൽ.ഡി ക്ലാർക്ക്, ലാസ്റ്റ്ഗ്രേഡ് സർവ്വന്റ് റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും;

(ബി) മുൻപ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സാധിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

## പി.എസ്.സി വഴിയുള്ള നിയമനങ്ങൾ

1807. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പി.എസ്.സി മുഖാന്തിരം എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; തസ്തികയും ജില്ലയും തിരിച്ചുള്ള കണക്ക് നൽകുമോ?

## പി.എസ്.സി. നിയമനങ്ങൾ

1808. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി.ക്ലർക്ക് (വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേർക്ക് നിയമന ശിപാർശ നൽകി;

(ബി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-ഡി) വകുപ്പിന്റെ 3-12-2014, 15-12-2014 എന്നീ തീയതികളിലെ 25085/ഉപ ഡി3/2014 സർക്കുലറുകളുടെ അടിസ്ഥാനത്തിൽ 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഭരണ സുതാര്യതയ്ക്ക് പേഴ്സണൽ പോളിസി

1809. **ശ്രീ.അൻവർ സാദത്ത്**

**,, ലൂഡി ലൂയിസ്**

,, ആർ . സെൽവരാജ്

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണത്തിൽ കൂടുതൽ വിശ്വസ്തതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി പേഴ്സണൽ പോളിസി രൂപീകരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) അതിനായി എന്തെല്ലാം പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ?

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

1810. ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടംവരെയായെന്ന് അറിയിക്കുമോ ;

(ബി) സിവിൽ സർവ്വീസ് രംഗം നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഇത് എത്രത്തോളം സഹായകരമാകുമെന്ന് അറിയിക്കുമോ ;

(സി) സർക്കാർ ജീവനക്കാരെ വിശ്വാസത്തിലെടുത്തും അവരുടെ പ്രായോഗിക നിർദ്ദേശങ്ങളെ മാനിച്ചുകൊണ്ടും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എൻ.സി.എ. ഒഴിവുകൾ നികത്താൻ കെ.എസ്.&എസ്.എസ്.ആർ. ൽ ഭേദഗതി

1811. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വിജ്ഞാപനങ്ങൾക്കുശേഷവും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ അനവധി എൻ.സി.എ. ഒഴിവുകൾ നികത്തപ്പെടാതെ അവശേഷിക്കുന്ന സാഹചര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.സി.എ. നിയമനങ്ങളിലെ സങ്കീർണ്ണത പരിഹരിക്കുന്നതിനായി കെ.എസ്.& എസ്.എസ്.ആർ. ൽ ഭേദഗതി വരുത്തണമെന്ന സർക്കാരിന്റെ നയപരമായ

തീരുമാനത്തിന്മേൽ പി.എസ്.സി. യുടെ ഉപദേശം ലഭിച്ചിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് പി.എസ്.സി.ക്ക് അയച്ച കത്തുകൾക്ക് മറുപടി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ഡി) അന്തിമ ഭേദഗതി വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

## നിയമന നിരോധനം

1812. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്രഖ്യാപിത നിയമന നിരോധനം നിലവിലുണ്ടോ;

(ബി) 1.7.2013 മുതൽ 30.11.2013 വരെ ഏതെല്ലാം വകുപ്പ് തലവൻമാർ വേക്കൻസി റിപ്പോർട്ടുകൾ നൽകുകയുണ്ടായി; വിശദാംശം വകുപ്പ് തലത്തിൽ നൽകാമോ;

(സി) ഏതെല്ലാം കാറ്റഗറികളിലെ ഒഴിവുകളാണ് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടത്; വിശദാംശം നൽകാമോ;

(ഡി) 1.7.2013 മുതൽ 30.11.2013 വരെ എത്ര പേർക്ക് പി.എസ്.സി നിയമന ശുപാർശ നൽകി; ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം തസ്തികളിലേക്കാണ് ശുപാർശ നൽകിയത്; വിശദാംശം നൽകാമോ;

(ഇ) 1.7.2013 മുതൽ 30.11.2013 വരെ ഓരോ മാസവും നൽകിയ നിയമനത്തിന്റെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് കാറ്റഗറി തിരിച്ച് മാസക്രമത്തിൽ നൽകാമോ?

## ആശ്രിത നിയമനം

1813. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിക യോഗ്യതയുള്ളവർക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ആശ്രിത നിയമനം നല്കുന്നതിനായി നിലവിലെ ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റ് കാലാവധി.

1814. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആകെ എത്ര പേർക്ക് നാളിതുവരെ നിയമനം നൽകിയിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) ലോവർ ഡിവിഷൻ ക്ലറിക്കൽ തസ്തികകളിലെ മൂന്നു മാസത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശപ്രകാരം ഈ വർഷം റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) നിലവിലെ ലോവർ ഡിവിഷൻ ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിന് നടപടി ഉണ്ടാകുമോ?

<u>ലോക്കൽ ഫണ്ട് ഓഡിറ്റ്, പി.എസ്.സി. വകുപ്പുകളിൽ പുതിയ തസ്തികകൾ</u>

1815. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ്, പി.എസ്.സി. തുടങ്ങിയ വകുപ്പുകളിൽ പുതിയ എത്ര പോസ്റ്റിന്റെ പ്രപ്പോസൽ ആണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്; അതിൽ എടുത്ത തീരുമാനമെന്താണെന്ന് അറിയിക്കാമോ?

<u>ജൂനിയർ ഇൻസ്ട്രക്ടർ **(**ഇൻസ്ട്രുമെന്റ് മെക്കാനിക്ക് കെമിക്കൽ പ്ലാന്റ്**)** തസ്തികയുടെ യോഗ്യത</u>

1816. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. കാറ്റഗറി നമ്പർ 458/2009 പ്രകാരം അപേക്ഷ ക്ഷണിച്ച ജൂനിയർ ഇൻസ്ട്രക്ടർ (ഇൻസ്ട്രുമെന്റ് മെക്കാനിക്ക് കെമിക്കൽ പ്ലാന്റ്) പോസ്റ്റിന്റെ യോഗ്യത എന്തൊക്കയായിരുന്നു;

(ബി) കെമിക്കൽ എൻജിനിയറിംഗ് ഡിപ്ലോമ പ്രസ്തുത പോസ്റ്റിന്റെ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ബേസിക് ട്രയിനിംഗ് സെന്റർ (ചന്ദനത്തോപ്പ് കൊല്ലം) ൽ ഈ പോസ്റ്റിൽ മെക്കാനിക്കൽ എൻജിനീയറിംഗ് ഡിപ്ലോമകാർക്ക് എംപ്ലോയ്മെന്റ് മുഖേന നിയമനം നൽകിയിട്ടുണ്ട് എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) മെക്കാനിക്കൽ എൻജിനിയറിംഗ് ഡിപ്ലോമക്കാരെ കൂടി ഉൾപ്പെടുത്തി കാറ്റഗറി 458/2009 പ്രകാരമുള്ള റാങ്ക് ലിസ്റ്റ് പുനക്രമീകരിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുമോ?

<u>പെന്‍ഷന്‍ പ്രായം വര്‍ദ്ധന</u>

1817. ശ്രീ.കെ. ദാസന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിക്കുന്നതിനുള്ള നിര്‍ദ്ദേശം ധനവകുപ്പില്‍ നിന്ന് മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കില്‍ പ്രസ്തുത നിര്‍ദ്ദേശങ്ങള്‍ എന്തെന്ന് വിശദമാക്കാമോ ;

(ബി) ധനവകുപ്പിന്റെ നിര്‍ദ്ദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ;

(സി) പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിക്കുന്നത് തൊഴില്‍ പ്രതീക്ഷിച്ചിരിക്കുന്ന യുവജനസമൂഹത്തെ ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ?

<u>പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിക്കല്‍</u>

1818. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ഏതൊക്കെ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെന്‍ഷന്‍ പ്രായം വര്‍ദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം നല്‍കുമോ?

<u>കോഴിക്കോട് ജില്ലയില്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യാത്ത എല്‍ ഡി ക്ലാര്‍ക്ക് ഒഴിവുകള്‍</u>

1819. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയില്‍ ലോവര്‍ ഡിവിഷന്‍ ക്ലാര്‍ക്ക് ഒഴിവുകള്‍ വകുപ്പ് മേധാവികള്‍ പി.എസ്.സി.ക്ക് മനപ്പൂര്‍വം റിപ്പോര്‍ട്ട് ചെയ്യാത്തതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഏതെല്ലാം വകുപ്പ് മേധാവികളാണ് പി.എസ്.സി.ക്ക് ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്യാത്തത്;

(സി) പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യാത്ത എത്ര എല്‍ ഡി ക്ലാര്‍ക്ക് ഒഴിവുകള്‍ ഓരോ വകുപ്പിലും ഉണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) ഇത്തരം വകുപ്പ് മേധാവികളുടെ പേരില്‍ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് പി. എസ് . സി റാങ്ക് ലിസ്റ്റ്

1820. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ വന്ന എൽ.ഡി .സി /ലാസ്റ്റ്ഗ്രേഡ് പി. എസ് . സി റാങ്ക് ലിസ്റ്റിൽ നിന്നും കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വളരെ കുറച്ച് പേർക്ക് മാത്രം നിയമനം ലഭിക്കാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ നടപടി സ്വീകരിക്കുമോ?

## സർക്കാർ ഓഫിസുകളിൽ പേപ്പർ ലെസ് സംവിധാനം

1821. **ശ്രീ.ബെന്നി ബെഹനാൻ**
**,, എ.റ്റി.ജോർജ്**
**,, സി.പി.മുഹമ്മദ്**
**,, ടി.എൻ. പ്രതാപൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫിസുകളിൽ പേപ്പർ ലെസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സംവിധാനം നടപ്പാക്കുന്നതിൽ ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം

1822. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## മലയാളത്തിൽ സർക്കാർ ഉത്തരവ്

1823. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവുകൾ മലയാളത്തിൽ ഇറക്കാൻ തീരുമാനിച്ചെങ്കിലും ഉത്തരവുകൾ ഇപ്പോഴും ഇംഗ്ലീഷിൽ തന്നെ ഇറങ്ങുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ ഉത്തരവുകൾ മലയാളത്തിലാക്കണമെന്ന് തീരുമാനിച്ചശേഷം എത്ര ഉത്തരവുകൾ ഇതുവരെ മലയാളത്തിലല്ലാതെ മറ്റു ഭാഷയിൽ ഇറങ്ങിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) മലയാളത്തിൽ തന്നെ സർക്കാർ ഉത്തരവുകൾ പുറത്തിറക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>രജിസ്ട്രേഷൻ വകുപ്പിൽ രാത്രികാവൽ തസ്തിക</u>

1824. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ പുതുതായി സൃഷ്ടിച്ച 311 രാത്രികാവൽ തസ്തികയിലേക്ക് സ്വകാര്യ ഏജൻസി മുഖേന നിയമനം നടത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ ;

(ബി) വിവിധ ജില്ലകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ മേൽസൂചിപ്പിച്ച രജിസ്ട്രേഷൻ വകുപ്പിലടക്കമുള്ള സമാന തസ്തികകളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥരുടെ പ്രമോഷൻ സംവരണം</u>

1825. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥരുടെ പ്രമോഷൻ സംവരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥർക്ക് പ്രമോഷനിൽ സംവരണം ഏർപ്പെടുത്തണം എന്ന നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ നിന്ന്;

(സി) ഇതു നടപ്പാക്കുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

## അഗ്രികൾച്ചർ അസിസ്റ്റന്റ് നിയമനം

1826. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും സംസ്ഥാനാടിസ്ഥാനമായി എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ടെന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഇനി എത്രവരെയുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ലിസ്റ്റിന്റെ കാലാവധി നീട്ടാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് നിയമനം

1827. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഈ ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമനത്തിനായി ശുപാർശ ചെയ്തു; ഇതിൽ എൻ.ജെ.ഡി. വേക്കൻസികൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു ലഭിച്ചിട്ടുണ്ടോ ;

(ബി) 2015 മേയ് 31 വരെ ഉണ്ടാകാവുന്ന അസിസ്റ്റന്റ് വേക്കൻസികൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് cheythu ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള ബൈ ട്രാൻസ്ഫർ ലിസ്റ്റിൽ എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്; ഇതിൽ നിന്നും എത്രയാളുകൾക്ക് നിയമന ശുപാർശ നൽകി എന്ന് വ്യക്തമാക്കാമോ; 2015 മേയ് 31 വരെയുള്ള റിപ്പോർട്ട് ചെയ്യപ്പെട്ട റിട്ടയർമെന്റ് വേക്കൻസികളിൽ എത്ര പേർക്ക് ബൈ ട്രാൻസ്ഫർ നിയമനശുപാർശ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

## കാഞ്ഞങ്ങാട് നിയോജകമണ്ഡലം ഇലക്ഷൻ വിഭാഗം

1828. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലം ഇലക്ഷൻ വിഭാഗം ഹൊസ്ദുർഗ്ഗിൽ നിന്നു വെള്ളരിക്കുന്ന് താലൂക്കിലേക്ക് മാറ്റിയത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് മാറ്റുന്നതിനു മുമ്പായി ജനപ്രതിനിധികൾ അംഗീകൃത രാഷ്ട്രീയ പാർട്ടികൾ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായോ;

(സി) ഓഫീസ് മാറ്റുന്നതിന് ആധാരമായ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) വെള്ളരിക്കുന്ന് താലൂക്ക് പരിധിയിൽ വരുന്നവർക്ക് വെള്ളരിക്കുന്നും ഹോസ്ദുർഗ്ഗ് താലൂക്ക് പരിധിയിൽ വരുന്നവർക്ക് ഹോസ്ദുർഗ്ഗിലും ഇലക്ഷൻ വിഭാഗം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ദുരിതാശ്വാസ സഹായം സനിതമോൾ നല്കിയ അപേക്ഷ

1829. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി ശ്രീമതി സനിതമോൾ, വെളുത്തേടത്ത്, അരൂർ, ചേർത്തല എന്നയാൾ, തന്റെ ഭർത്താവ് അപകടത്തിൽ മരിച്ചതിനെ തുടർന്ന് അപേക്ഷിച്ചിട്ട് നാളിതുവരെയായി ധനസഹായം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; സാമ്പത്തികമായി വളരെയധികം കഷ്ടപ്പെടുന്ന പ്രസ്തുത കുടുംബത്തിന് എത്രയും വേഗം പ്രസ്തുത ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ധനസഹായം

1830. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 ഡിസംബർ 31ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് എത്ര എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സഹായം ലഭിച്ചുവെന്ന് കണക്കുകൾ സഹിതം വിശദമാക്കാമോ;

(ബി) കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിനുള്ള കലാവധി എത്രയാണെന്ന് വിശദമാക്കാമോ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ നിലവിലുള്ള പട്ടികയിൽ എത്ര പേരാണുള്ളതെന്നും, ഇതിൽ എത്രപേർക്ക് ധനസഹായം പൂർണ്ണമായും അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) ദുരിതബാധിതരുടെ കടങ്ങൾ എഴുതിതള്ളുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ കടബാധ്യതകൾ എഴുതിത്തള്ളിയെന്ന് വ്യക്തമാക്കാമോ?

## ചന്ദ്രബോസിന്റെ ചികിത്സാ ചിലവുകൾ

1831. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മർദ്ദനത്തിൽ പരിക്കുപറ്റി ചികിത്സയിലിരിക്കെ മരണപ്പെട്ട ചന്ദ്രബോസിന്റെ ചികിത്സാ ചിലവുകൾ സർക്കാർ വഹിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ എത്ര രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിൽ നിന്നും ചികിത്സാസഹായം</u>

1832. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചിട്ടും തുക വിതരണം നടത്താതെ ഇടുക്കി കളക്ടേറ്റിൽ എത്ര അപേക്ഷകൾ 28.2.2015 വരെ ഉണ്ട്;

(ബി) ഇവർക്ക് അടിയന്തരമായി ധന സഹായം വിതരണം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

1833. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായമായി നാളിതുവരെ എന്ത് തുക അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയുടെ വിവരങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) മുഖ്യമന്ത്രി നല്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ സഹായം ഇനിയും കൊടുക്കാവാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

<u>നീര പദ്ധതി</u>

1834. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര പദ്ധതിയിൽ കൃഷി വകുപ്പും എക്സൈസ് വകുപ്പും തമ്മിലുള്ള തർക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

## നാദാപുരം തൂണേരി അക്രമം

1835. ശ്രീ.പി.ഉബൈദുള്ള

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരംതൂണേരി അക്രമത്തിൽ ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസത്തിന് നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എല്ലാ വിഭാഗങ്ങളുമായി കൂടിയാലോചിച്ച് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ;

(സി) വ്യാജപ്രചരണങ്ങൾ നടത്തുന്നത് തടയാനും അത്തരം പ്രവണത മുളയിലേ തിരിച്ചറിയാനും തദ്ദേശവാസികളെ പ്രാപ്തരാക്കാനുള്ള ബോധവല്ക്കരണപ്രവർത്തനങ്ങൾ ആരംഭിയ്ക്കുമോ

## സേവനങ്ങളുടെ ഫീസ് നിരക്കിൽ വർദ്ധനവ്

1836. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനങ്ങൾക്കു നൽകുന്ന വിവിധ സേവനങ്ങളുടെ ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സേവനങ്ങൾക്കാണ് തുക വർദ്ധിപ്പിട്ടുള്ളതെന്നും എത്ര തുക വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

## പ്രവാസികളുടെ ബാങ്ക് നിക്ഷേപം

T 1837. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ബാങ്ക് നിക്ഷേപങ്ങളിൽ അധികനികുതി ഏർപ്പെടുത്തുന്നതിന് തീരുമാനങ്ങളോ നിയമനിർമ്മാണങ്ങളോ നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രവാസി മലയാളികളുടെ അവസാന മൂന്ന് വർഷങ്ങളിലെ നിക്ഷേപം എത്ര വീതമെന്ന് വിശദമാക്കാമോ;

(സി) പ്രവാസി നിക്ഷേപം കൂടിയിട്ടുണ്ടോയെന്നും പ്രസ്തുത നിക്ഷേപം കേരളത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

## മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

1838. ശ്രീ.തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ രണ്ട് ജനസമ്പർക്ക പരിപാടികളുടെ വിജയം മുൻനിർത്തി വീണ്ടും അത്തരം ജനകീയ പരിപാടികൾ നടത്തുന്നതിന് തയ്യാറാകുമോ ;

(ബി) ബുദ്ധിമുട്ടുകൾ ഒഴിവാക്കി ജനങ്ങൾക്ക് ഏറ്റവും വേഗം നീതി ലഭിക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ജനസമ്പർക്ക പരിപാടിയിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ സംബന്ധിച്ച് പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ?

## അന്യ സംസ്ഥാനക്കാരുടെ മയക്കമരുന്ന് കടത്ത്

1839. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിലേക്ക് വ്യാപകമായ തോതിൽ ലഹരി വസ്തുക്കളും മയക്കമരുന്നുകളും കടത്തുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അന്യ സംസ്ഥാനങ്ങളിലുള്ള എത്ര പേർ ഇത്തരം സംഭവങ്ങളിൽപെട്ട് പിടിയിലായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരെ നിരീക്ഷിക്കാനും ഇവരുടെ വാസസ്ഥലങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## ബിയർ വൈൻ പാർലറുകളിലെ മദ്യവിൽപ്പന

1840. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിയറും വൈനും മാത്രം വിൽക്കാൻ അനുവാദം നൽകിയിട്ടുള്ള ഹോട്ടലുകളിൽ വീര്യം കൂടിയ മദ്യം വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ബിയറും വൈനും മാത്രം വിൽക്കാൻ അനുവാദമുള്ള ഹോട്ടലുകൾക്ക് ബാർ എന്ന ബോർഡ് പ്രദർശിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ബിയർ/വൈനുകളിലെ ആൽക്കഹോൾ കണ്ടന്റ്

1841. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വിൽപന നടത്തിയ ബിയർ/വൈനുകളിൽ ഏറ്റവും കൂടുതൽ ആൽക്കഹോൾ കണ്ടന്റ് ഉണ്ടായിരുന്ന ബ്രാന്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ബിയറുകളിലും/വൈനുകളിലും ആൽക്കഹോൾ വീര്യം ഏറ്റവും കുറവ് എത്ര; ആൽക്കഹോൾ വീര്യം ഏറ്റവും കൂടിയത് എത്ര?

## പൂട്ടിയ ബാറുകളിലെ മദ്യത്തിന്റെ ഏറ്റെടുക്കൽ

1842. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസ് നല്കാതിരുന്നതിനെ തുടർന്ന് പൂട്ടി സീൽ ചെയ്യപ്പെട്ടിരുന്ന ബാറുകളിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്ന ബിയർ, വൈൻ,മദ്യം എന്നിവ ബിവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുകയുണ്ടായോ ; ബാറുടമകൾക്ക് നഷ്ട പരിഹാരം നല്കിയ ഇനത്തിലും നശിച്ചുപോയ മദ്യത്തിന്റെ ഇനത്തിലും മൊത്തം എന്ത് തുക ബിവറേജസ് കോർപ്പറേഷന് ചെലവാകുകയുണ്ടായിഎന്ന് വ്യക്തമാക്കുമോ?

## കള്ളിലെ ആൽക്കഹോളിന്റെ അളവ്

1843. ശ്രീ.വി.എസ്.സുനിൽ കുമാർ

,, മുല്ലക്കര രത്നാകരൻ

,, വി.ശശി

,, പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി നയം അനുസരിച്ച് കള്ളിലെ ആൽക്കഹോളിന്റെ അംശം എത്രയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള സർവ്വകലാശാല രസതന്ത്രവിഭാഗം തലവൻ ചെയർമാനായ ഇത് സംബന്ധിച്ചുള്ള സമിതിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നും ശിപാർശകളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കള്ളിലെ ആൽക്കഹോളിന്റെ അംശം 9.59 ആയി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം

1844. ശ്രീ.കെ.അച്ചുതൻ

,, വി.ഡി.സതീശൻ

,, ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പരിശീലനം നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) പരിശീലനത്തിനായി മോഡ്യൂൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

## ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ്

1845. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കിഴക്കൻ പ്രദേശങ്ങളായ വനമേഖലകളെ ഉൾപ്പെടുത്തി അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എക്സൈസിൽ ക്രൈം ബ്രാഞ്ച് വിംഗ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>സംസ്ഥാനത്തെ ഡിസ്റ്റിലറികൾ.</u>

1846. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡിസ്റ്റിലറികൾ ഏതെങ്കിലും അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ മദ്യത്തിന്റെയും വൈനിന്റെയും എത്ര ശതമാനം ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്; നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ എത്ര എണ്ണമുണ്ട്; ഇവ ആരുടെയെല്ലാം ഉടമസ്ഥതയിലാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയിൽ എത്ര എണ്ണം ഓരോ വർഷവും അടച്ചുപൂട്ടുവാനുദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

<u>മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

1847. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത് ;

(ബി) 418 ബാർ നിരോധിച്ചതുമൂലം മദ്യ ഉപഭോഗത്തിന്റെ അളവ് കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഈ സർക്കാരിന്റെ 'ബാർ നിരോധനം' എന്ന നയം തെറ്റായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ?

<u>ലഹരിമരുന്നുകളുടെ ഉപയോഗം</u>

1848. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊക്കെയ്ൻ ഉൾപ്പെടെയുള്ള വിവിധ തരം ലഹരിമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകുപ്പികളിൽ മരുന്നെന്ന വ്യാജേന അന്യ സംസ്ഥാനങ്ങളിൽ നിന്നും വിവിധ തരം ലഹരിമരുന്നുകൾ കടത്തുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ലഹരി മരുന്ന് കേസുകളിൽ കൈവശം വയ്ക്കുന്ന ലഹരി മരുന്നിന്റെ അളവിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ശിക്ഷയിൽ ഏറ്റക്കുറവ് വരുത്താൻ വ്യവസ്ഥയുണ്ടോ;

(ഡി) എങ്കിൽ ഇതു മൂലം പല കേസുകളിലും കർശനമായ നടപടി സ്വീകരിയ്ക്കുന്നതിന് തടസ്സമുണ്ടാകുന്നതായുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതൊഴിവാക്കുന്നതിനും ലഹരി മരുന്നിന്റെ ഉപയോഗവും വിപണനവും തടയുന്നതിനും ബന്ധപ്പെട്ട നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ?

## മയക്കുമരുന്നുകളുടെ ഉപയോഗം

1849. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരിവസ്തു വിപണനവുമായി ബന്ധപ്പെട്ട് പിടിയിലായിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കാമോ?

## അടച്ചുപൂട്ടപ്പെട്ട ബാർതൊഴിലാളികളുടെ പുനരധിവാസം

1850. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ 418 ബാറുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അടച്ചുപൂട്ടപ്പെട്ട ബാറുകളിലെ തൊഴിലാളികൾക്ക് പുനരധിവാസം ഉൾപ്പെടെ

എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

<u>വിഴിഞ്ഞം മദർപോർട്ട് നിർമ്മാണം</u>

1851. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മദർപോർട്ട് നിർമ്മാണം നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഊർജ്ജിതമാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>വെള്ളയിൽ ഫിഷീങ്ങ് ഹാർബർ നിർമ്മാണം</u>

1852. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ ഫിഷീങ്ങ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ മൊത്തം തുക, കേന്ദ്ര സംസ്ഥാന വിഹിതം എന്നിവ എത്രയാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതിക്കായി കേന്ദ്ര സംസ്ഥാന വിഹിതമായി എത്ര രൂപയാണ് ലഭ്യമായതെന്ന് വിശദമാക്കുമോ?

(ഡി)

<u>ആറ്റിങ്ങൽ തീരദേശ റോഡു നവീകരണ പദ്ധതി</u>

1853. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡു നവീകരണ പദ്ധതി പ്രകാരം 2014-15 ൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ഏതെല്ലാം റോഡുകൾ നവീകരിക്കുന്നുണ്ട്; നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) 2015-16 ൽ തീരദേശ റോഡുകൾ നവീകരിക്കുന്ന പദ്ധതി തുടരുവാൻ

തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

<u>കോഴിക്കോട് ജില്ലയിലെ ഭരണാനുമതി ലഭിച്ച തീരദേശ റോഡുകൾ</u>

1854. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 2014-ൽ എത്ര തീരദേശ റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എലത്തൂർ മണ്ഡലത്തിൽ 2014-ൽ എത്ര റോഡുകൾക്ക് എസ്റ്റിമേറ്റ് എടുത്തു; അവ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ?

(സി) ഇവയിൽ ഭരണാനുമതി ലഭിച്ചവയും തുകയും വെളിപ്പെടുത്താമോ?

<u>ചെങ്ങന്നൂർ മണ്ഡലത്തിലെ തുറമുഖ വകുപ്പ് പാലങ്ങളുടെ നിർമ്മാണം</u>

1855. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ തുറമുഖ വകുപ്പ് നിർമ്മിക്കുന്ന മഠത്തിൽ കടവ്, ചെറിയപെരുമ്പുഴക്കടവ്, പറക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

<u>ഒട്ടുമ്പ്രം കെട്ടുങ്ങൽ പാലത്തിന്റെ നിർമ്മാണം</u>

1856. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ ഒട്ടുമ്പ്രം കെട്ടുങ്ങൽ പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) എത്ര കോടി രൂപയാണ് ഇതിനായി വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## കുട്ടനാട് അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി

1857. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) അനുവദിച്ച പ്രവൃത്തികളിൽ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികൾ വിശദമാക്കാമോ ?

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി അരൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

1858. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഓരോ പ്രവൃത്തിക്കും എത്ര രൂപയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഓരോ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥ എന്താണ്എന്ന് വ്യക്തമാക്കുമോ?

## മാവേലിക്കര പുതിയകാവ് മാർക്കറ്റ് നവീകരണം

1859. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പുതിയകാവ് മാർക്കറ്റ് നവീകരണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയകാവ് മാർക്കറ്റ് നവീകരണത്തിന് ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) ചുനക്കര-താമരക്കുളം പഞ്ചായത്തുകളിലെ മാർക്കറ്റുകളുടെ നവീകരണത്തിന് ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) ആവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ

1860. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഹാർബറിന്റെ മുഖം മണൽ അടിഞ്ഞതു മൂലം അടഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

## കടൽ രക്ഷാപ്രവർത്തനങ്ങൾ

1861. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി മുതൽ കോഴിക്കോട് വടകര ചോമ്പാൽ വരെയുള്ള കടൽ രക്ഷാ പ്രവർത്തനങ്ങളും ഏകോപനവും നിയന്ത്രിക്കേണ്ട ബേപ്പൂരിലെ ഫിഷറിസ് കൺട്രോളർ റൂമിൽ സുരക്ഷാ സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധുനിക സൗകര്യങ്ങളോട് കൂടിയ ഇരുമ്പു ബോട്ടും മറ്റ് ഉപകരണങ്ങളും അനുവദിച്ച് കടൽ രക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുണ്ടോ; സ്വീകരിക്കുമോ;

(സി) തീരക്കടലിലും ഉൾക്കടലിലും അപകടത്തിൽപ്പെടുന്ന മത്സ്യ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ രക്ഷിക്കുന്നതിനായി നിയമിച്ച കടൽ സുരക്ഷാ ഗാർഡുമാരുടെ ജോലിസമയം എട്ട് മണിക്കൂറാക്കി നിജപ്പെടുത്തി ജോലി സ്ഥിരത ഉറപ്പാക്കണമെന്നും വേതനം വർദ്ധിപ്പിക്കണമെന്നുമുള്ള ഇവരുടെ ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

## പോള നിർമ്മാർജനം

1862. **ശ്രീ.സി.എഫ്.തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് ഫണ്ട് ഉപയോഗിച്ച് ഫിഷറിസ് വകുപ്പിൽ ഫിർമ നടത്തിക്കൊണ്ടിരുന്ന ജലാശയങ്ങളിലെ പോള നീക്കുന്ന ജോലി നിർത്തിവയ്ക്കുവാൻ

കുട്ടനാട് പാക്കേജ് പ്രോസ്പ്പരിറ്റി കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം പോള നീക്കം ചെയ്യാത്തതു മൂലം തോടുകളിൽ പോള നിറഞ്ഞ് കിടക്കുന്നതു കൊണ്ട് കുട്ടനാട്ടിലെ കർഷകർക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് ഒരു പുതിയ സംവിധാനം നിർദ്ദേശിക്കുവാൻ അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ഈ കാര്യത്തിൽ റിപ്പോർട്ട് നല്കിയിട്ടുണ്ടോ;

(ഇ) കുട്ടനാട്ടിൽ കൊയ്ത്ത് ആരംഭിച്ചിരിക്കുന്ന സമയത്ത് തോട്ടുകളിലുള്ള പോള നീക്കം ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## സബ്സിഡി നിരക്കിൽ മണ്ണെണ്ണ

1863. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനാവശ്യത്തിന് സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതിന് സർക്കാരിൻറെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ചുള്ള തുക അനുവദിച്ചിട്ടുണ്ടോ എന്ന് പറയാമോ;

(ബി) എത്ര തുകയാണ് ഇതിനായി നൽകിയിട്ടുള്ളത് എന്ന് പറയാമോ; ഈ തുക അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധനാവശ്യത്തിനുള്ള മണ്ണെണ്ണ സബ്സിഡി ഈ സാമ്പത്തിക വർഷം എത്ര മാത്രം വിതരണം ചെയ്തു എന്ന് പറയാമോ; ഇനിയും സാമ്പത്തിക വർഷാവസാനത്തിനകം എപ്രകാരം ഈ തുക സമയബന്ധിതമായി വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ?

## അമ്പലപ്പുഴ മത്സ്യതൊഴിലാളി ഭവന പദ്ധതി

1864. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളി ഭവന പദ്ധതിപ്രകാരം 2011 മുതൽ 2014 വരെ അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര മത്സ്യതൊഴിലാളികൾക്ക് വീട് അനുവദിച്ചു ; വ്യക്തമാക്കാമോ ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽനിന്ന് ഭവന പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുള്ളവർ

എത്രയെന്ന് മത്സ്യഗ്രാമ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) ഭവന പദ്ധതിക്ക് സർക്കാർ ക്വാട്ട ഉണ്ടെങ്കിൽ എത്രയെന്ന് വിശദമാക്കാമോ ; ഇപ്രകാരമുള്ള ക്വാട്ടയിൽനിന്നും ഭവനങ്ങൾ ലഭ്യമാക്കിയവരുടെ എണ്ണവും വിശദവിവരങ്ങളും ലഭ്യമാക്കാമോ ;

(ഡി) കാൻസർ, വൃക്കരോഗം, കരൾരോഗം, ഹൃദ്രോഗം ബാധിച്ചവരുള്ള മത്സ്യതൊഴിലാളി കുടുബംങ്ങളുടെ ഭവന നിർമ്മാണ അപേക്ഷകൾ നറുക്കെടുപ്പ് കൂടാതെ പരിഗണിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ഇ) മത്സ്യതൊഴിലാളി ഭവനനിർമ്മാണത്തിന് നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

## രജിസ്റ്റർ ചെയ്ത മത്സ്യബന്ധന ബോട്ടുകൾ

1865. **ശ്രീ.ഇ.ചന്ദ്രശേഖരൻ**

**,, ജി.എസ്.ജയലാൽ**

**,, ചിറ്റയം ഗോപകുമാർ**

**,, മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര മത്സ്യബന്ധന ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷനും ലൈസൻസുമില്ലാത്ത അന്യസംസ്ഥാന ബോട്ടുകൾ കേരള തീരത്ത് മത്സ്യബന്ധനം നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാന ബോട്ടുകളാണ് കടന്നുകയറുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റിയുടെ സർട്ടിഫിക്കറ്റും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് യൂസർഫീയും അടച്ചാൽ കേരള തീരത്ത് മത്സ്യബന്ധനത്തിനുള്ളഅനുമതി നൽകാറുണ്ടോ;വ്യക്തമാക്കാമോ?

## ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

1866. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. മീനാകുമാരി ചെയർമാനായുള്ള കമ്മിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചത് എന്നാണ് ;

(ബി) തീര മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ 2014 നവംബർ 12നും 28നും പുറപ്പെടുവിച്ച ഉത്തരവും പൊതു നോട്ടീസും ലഭിച്ചിട്ടുണ്ടോ ; ആയതിന്റെ കോപ്പി നൽകുമോ ;

(സി) ധീവര സഭയും മത്സ്യത്തൊഴിലാളി സംഘടനകളും റിപ്പോർട്ട് സംബന്ധിച്ച് നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ധീവര സഭയുമായോ മത്സ്യത്തൊഴിലാളി സംഘടനകളുമായോ ചർച്ച നടത്തിയിട്ടുണ്ടോ ?

<u>മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം സ്റ്റൈപ്പന്റ്</u>

1867. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്ന ശേഷം ഏതൊക്കെ സാമ്പത്തിക വർഷത്തിലായി എത്ര രൂപയാണ് കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നതിന് ആവശ്യമായി വരുന്ന തുക എത്രയെന്നും തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കുമോ?

<u>മത്സ്യ തൊഴിലാളികൾക്കുള്ള സഹായങ്ങൾ</u>

1868. **ശ്രീ.എ.എ.അസീസ്**

**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ ബന്ധന മേഖലയിലെ തൊഴിലാളികൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നത്;

(ബി) സബ് സിഡി ഇനത്തിലുള്ള മണ്ണെണ്ണ പെർമിറ്റ് എത്ര ലിറ്ററാണ് അനുവദിക്കുന്നതെന്നും ആർക്കൊക്കെയാണ് നൽകി വരുന്നതെന്നും വ്യക്തമാക്കുമോ?

<u>തവനൂർ മംഗലം പഞ്ചായത്തിൽ മത്സ്യഗ്രാമം പദ്ധതി</u>

1869. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിനെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന മംഗലം പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## ഫിഷറീസ് സ്റ്റേഷൻ

1870. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകളുണ്ട്;പ്രസ്തുത സ്റ്റേഷനുകളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളും ഇവയുടെ പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; ഫിഷറീസ് സ്റ്റേഷൻ ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; അതിനു ഭൂമിയും ഫണ്ടും ലഭ്യമാണോ; നിർമ്മാണം എപ്പോൾ തുടങ്ങാനാണുദ്ദേശിക്കുന്നത്?

## ഫിഷറീസ് കോളനികളിലെ വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം

1871. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

(ബി) എങ്കിൽ തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ ഫിഷറീസ് കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനു സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

## കേന്ദ്ര സർക്കാരിന്റെ തീരപരിപാലന ഉത്തരവ്

1872. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരമേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ തീരപരിപാലന ഉത്തരവ് പ്രകാരം തീരദേശത്ത് നിർമ്മാണങ്ങൾ നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ എപ്രകാരമാണ്;

(ബി) ഇതു നിമിത്തം തീരപ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും അഥവാ നിർമ്മിച്ചാൽ വീട്ടുനമ്പർ ഇടുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അനുവാദം നൽകുന്നില്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകൾക്ക് നിയമ പ്രാബല്യം ഇല്ലാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറിമാർ ഈ ഉത്തരവ് അനുസരിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാരിന്റെ തീരപരിപാലനം സംബന്ധിച്ച ഉത്തരവുകൾ പിൻവലിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾക്ക് കേന്ദ്രത്തിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചത്; ആയതിന്റെ പകർപ്പ് ഹാജരാക്കാമോ;

(ഇ) കോസ്റ്റൽ റെഗുലേഷൻ സോൺ സംബന്ധിച്ച ഉത്തരവുകളിൽ ഏതെല്ലാം കാര്യത്തിനാണ് ഇളവ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## വൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി

1873. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പിലാക്കുന്നതിന് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടും, പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും സമർപ്പിച്ച വിശദാംശവും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച തീയതി എന്നാണെന്നും ഇത് സംബന്ധിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ;

(സി) പദ്ധതിക്കായി ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ദേവികുളങ്ങര ഫിഷ് ലാന്റിംഗ് സെന്റർ

1874. **ശ്രീ.സി.കെ സദാശിവന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിര്‍മ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂര്‍ത്തീകരിക്കാന്‍ കഴിയും എന്ന് വിശദമാക്കാമോ?

<u>കായംകുളത്ത് ഫിഷറീസ് വകുപ്പില്‍ നിന്ന് ഭരണാനുമതി ലഭിച്ച പ്രവൃത്തികള്‍</u>

1875. **ശ്രീ.സി.കെ സദാശിവന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കായംകുളം അസംബ്ളി മണ്ഡലത്തില്‍ 2012 -2013, 2013 -2014, 2014 -2015 എന്നീ സാമ്പത്തിക വര്‍ഷങ്ങളില്‍ ഫിഷറീസ് വകുപ്പില്‍ നിന്ന് ഭരണാനുമതി ലഭിച്ച പ്രവൃത്തികള്‍ ഏതൊക്കെയെന്നും ടി പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കാന്‍ കാലതാമസം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ കാലതാമസം ഒഴിവാക്കി അടിയന്തരമായി നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുന്നതിനാവശ്യമായി നടപടി സ്വീകരിക്കുമോ?

<u>മട്ടന്നൂര്‍ നഗരസഭയിലെ മത്സ്യമാര്‍ക്കറ്റ് നവീകരണം</u>

1876. **ശ്രീ.ഇ.പി.ജയരാജന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മട്ടന്നൂര്‍ നഗരസഭയിലെ മത്സ്യമാര്‍ക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഗവണ്‍മെന്റിന് നിവേദനങ്ങള്‍ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനങ്ങളില്‍ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും 2014 15 സാമ്പത്തിക വര്‍ഷത്തില്‍ മട്ടന്നൂര്‍ നഗരസഭയിലെ മത്സ്യ മാര്‍ക്കറ്റ് നവീകരിക്കുവാന്‍ ഫണ്ട് അനുവദിക്കുവാന്‍ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

<u>നെയ്യാറ്റിന്‍കര നിയോജക മണ്ഡലത്തില്‍ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികള്‍</u>

1877. **ശ്രീ.ആര്‍ . സെല്‍വരാജ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെയായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പേരും തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി നൽകിയതിൽ ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കാനുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾക്ക് കാലതാമസം വരുത്തുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ?

## മത്സ്യതൊഴിലാളി പെൻഷൻ

1878. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളി പെൻഷൻകാർക്ക് യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച വന്നിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പെൻഷൻകാരുടെ ഭാഗത്ത് നിന്നല്ലാത്ത സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞ് തുടർച്ചയായി പെൻഷൻ നിഷേധിക്കുന്നത് പരിഹരിക്കുന്നതിനായി , ഇത്തരത്തിൽ പെൻഷൻ ലഭിക്കാത്തവർക്ക് മണിയോഡർ ആയോ, ഡിഡി ആയോ പെൻഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) എറണാകുളം ജില്ലയിലെ എത്ര മത്സ്യതൊഴിലാളി പെൻഷൻകാർക്കാണ് പെൻഷൻ കുടിശ്ശിക നൽകാനുള്ളതെന്ന് ലിസ്റ്റ് തിരിച്ച് വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം

1879. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ ഗ്രാന്റായി മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ലഭിച്ച ധനസഹായത്തിന്റെ വിനിയോഗ കാലയളവ് വളരെ പരിമിതമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണ സാധനങ്ങളുടെ ദൗർലഭ്യം പരിഗണിച്ച് ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ തയ്യാറാവുമോ ?

## മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സംരക്ഷണത്തിനുള്ള സഹായ നടപടികൾ

1880. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ഈയടുത്ത കാലത്തായി മത്സ്യത്തിന്റെ ലഭ്യതക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യലഭ്യത കുറഞ്ഞുവരുന്നതിനാൽ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ സംരക്ഷണത്തിന് സർക്കാർ അടിയന്തരമായി സഹായ നടപടികൾ അനുവദിക്കുമോ ;

<u>പൊതുജലാശയങ്ങളിലെ മത്സ്യകൃഷി</u>

1881. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട്(2010) അനുസരിച്ച് പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>മൽസ്യവിഭവങ്ങളുടെ ഗുണമേന്മ</u>

1882. ശ്രീ.ആർ . സെൽവരാജ്

,, ഹൈബി ഈഡൻ

,, ജോസഫ് വാഴയ്ക്കൻ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്ന് മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മൽസ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും ഉറപ്പ് വരുത്തുന്നതിന് കോർഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ കമ്മീഷൻ</u>

1883. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത് കടക്കെണിയിലായ മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും കടബാദ്ധ്യതകൾ എഴുതിതള്ളുവാൻ നടപടി ഉണ്ടാകുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ഭവനനിർമ്മാണ സഹായം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകുമോ;

(സി) മത്സ്യത്തൊഴിലാളി ആവാസ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ?

<u>എയർ കേരള പദ്ധതി</u>

1884. ശ്രീ.വി.ഡി.സതീശൻ

,, വർക്കല കഹാർ

,, ഷാഫി പറമ്പിൽ

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;വിശദമാക്കാമോ;

(സി) പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ വിദേശയാത്ര ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കോഴിക്കോട് വിമാനതാവളത്തിന്റെ റൺവേ അടച്ചിടുന്നതുമായി ബന്ധപ്പെട്ട വിഷയം</u>

1885. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനതാവളത്തിന്റെ റൺവേ അറ്റകുറ്റപ്പണിയുടെ പേരിൽ വിമാനത്താവളം അടച്ചിടുന്നതിനോ സർവ്വീസുകൾ വെട്ടിക്കുറക്കുന്നതിനോ എന്തെങ്കിലും തീരുമാനമെടുത്തതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് മൂലം യാത്രക്കാർക്കുള്ള പ്രയാസങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) എത്ര കാലത്തേക്കാണ് നിയന്ത്രണം എന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനാന്തര വിമാനസർവ്വീസ്

1886. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വർക്കല കഹാർ

,, ഷാഫി പറമ്പിൽ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിമാനത്താവളങ്ങളും അയൽസംസ്ഥാനങ്ങളിലെ വിമാനത്താവളങ്ങളുമായി ബന്ധപ്പെടുത്തി വിമാനസർവ്വീസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുള്ള സാദ്ധ്യതാപഠനം നടത്തുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(സി) സാദ്ധ്യതാപഠനം ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാനുദ്ദേശിക്കുന്നത് ?

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

1887. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഐ.സി.ബാലകൃഷ്ണൻ

,, ഹൈബി ഈഡൻ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) മത്സ്യബന്ധന മേഖലയ്ക്കും തീരദേശ ഗതാഗതത്തിനും പുത്തൻ ഉണർവ് നൽകാൻ എന്തെല്ലാം കാര്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി അനുസരിച്ച് കാർഗോയ്ക്കും യാത്രക്കാർക്കും നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തുറമുഖ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

## സ്വർണ്ണക്കടത്ത് തടയുവാൻ നടപടി

1888. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളങ്ങൾ വഴിയും അല്ലാതെയും സംസ്ഥാനത്ത് സ്വർണ്ണക്കടത്ത് കൂടിവരുന്നതും അവ സി.ബി.ഐ ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളുടെ പിടിയിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര ആഭ്യന്തരവകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം കേസ്സുകളിൽ പ്രതികളായിട്ടുണ്ട്; അവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അവരിൽ ആരുടെയെല്ലാം ബാങ്ക് അക്കൗണ്ടുകൾ, മറ്റു രേഖകൾ തുടങ്ങിയവ കണ്ടുകെട്ടിയിട്ടുണ്ട്;വിശദാംശം നൽകുമോ

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിൽ എന്തു തുകയുടെ സ്വർണ്ണക്കടത്ത് കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത്തരം സ്വർണ്ണക്കടത്ത് തടയുവാൻ ആഭ്യന്തരവകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ജീപ്പ് ഡ്രൈവർ മണിയൻപിള്ളയുടെ കൊലപാതകം

1889. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പാരിപ്പള്ളി പോലീസ് സ്റ്റേഷനിലെ ജീപ്പ് ഡ്രൈവർ ആയിരുന്ന മണിയൻപിള്ള എന്ന ജീവനക്കാരനെ കൊലപ്പെടുത്തിയത് എന്നാണെന്നും, അതുമായി ബന്ധപ്പെട്ട അന്വേഷണ പുരോഗതിയും അറിയിക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരന്റെ കൊലപാതകിയെ അറസ്റ്റ് ചെയ്യാത്തതിൽ കുറ്റകരമായ വീഴ്ച വന്നതായി ബോദ്ധ്യമുണ്ടോ;

(സി) കേസ്സിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) മരണപ്പെട്ട പോലീസുകാരന്റെ കുടുംബത്തിന് ഗവൺമെന്റ് എന്തൊക്കെ സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിവാക്കുമോ; വിശദാംശം അറിയിക്കുമോ?

## പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം .

1890. ശ്രീ.മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ
,, സി.കെ.നാണു
ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതോറിറ്റി രൂപീകരിച്ചതിനുശേഷം ആകെ ലഭിച്ച പരാതികൾ എത്ര ; ഇതിൽ തീർപ്പാക്കിയവ എത്ര ;

(സി) തീർപ്പാക്കലിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ?

## ജെയിംസ് മാത്യു എം. എൽ. എ യുടെ അറസ്റ്റ്

1891. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെയിംസ് മാത്യു എം. എൽ. എ യുടെ അറസ്റ്റിന് കാരണമായ കുറ്റങ്ങൾ എന്താണ്; ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

## റാഗിംഗ് കേസ്സുകൾ

1892. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്ത് എത്ര റാഗിംഗ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലയളവിൽ റാഗിംഗിന് വിധേയരായ വിദ്യാർത്ഥികൾ ആരെല്ലാം എന്നും എത്ര പേർ മരിച്ചുവെന്നും അവർ ആരെല്ലാം എന്നും എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചുവെന്നും അവർ ആരെല്ലാം എന്നും ആർക്കെല്ലാം എന്തൊക്കെ സർക്കാർ സഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) റാഗിംഗ് നിയമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ ആഭ്യന്തരവകുപ്പ് ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പരിശോധിക്കാമോ ;

(ഡി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട റാഗിംഗ് കേസ്സുകളിൽ എത്രപേരെ കോടതി

ശിക്ഷിച്ച ; ഏതെല്ലാം കേസ്സുകളിൽ ആർക്കെല്ലാം എന്തു ശിക്ഷ ലഭിച്ചു എന്നും വ്യക്തമാക്കുമോ ?

<u>സ്റ്റുഡന്റ്സ് പോലീസ് യൂണിറ്റ്</u>

1893. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ്യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മണ്ഡലത്തിലെ ചേളന്നൂർ എ.കെ.കെ.ആർ.എച്ച്.എസ്.എസ്, കുളത്തൂർ ഗവഃ ഹയർ സെക്കൻഡറി സ്കൂൾ എന്നിവ എസ്.പി.സി യൂണിറ്റിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ഈ സ്കൂളുകൾക്ക് എന്ന് എസ്.പി.സി യൂണിറ്റ് അനുവദിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>നിരീക്ഷണത്തിന് സി.സി.ടി.വി. ക്യാമറകൾ</u>

1894. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സെൻസിറ്റീവ് ഏരിയകളിൽ നിരീക്ഷണത്തിനായി എത്ര സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കാത്തതുണ്ട്; നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ:

(ബി) ക്യാമറകൾ സ്ഥാപിക്കുന്നതിനും അനുബന്ധ സാധനങ്ങൾ ഒരുക്കുന്നതിനും ആകെ എത്ര രൂപയാണ് ചിലവായതെന്നും അതിൽ എം.എൽ.എ. എസ്.ഡി.എഫ്.ൽ നിന്നും എത്ര തുക ലഭ്യമായി എന്നും വിശദമാക്കാമോ?

<u>പ്രക്ഷോഭത്തിൽ പങ്കെടുത്ത പ്രവർത്തകർക്കെതിരെ കേസുകൾ</u>

1895. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പ്രക്ഷോഭത്തിൽ പങ്കെടുത്ത എത്ര സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ ആകെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഹെഡ്കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ

1896. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പോലീസ് ഹെഡ്കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ എന്നുമുതൽ നിലനിൽക്കുന്നു എന്ന വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## മത - സാമുദായിക സംഘടനകളിൽ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം

1897. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് മത - സാമുദായിക സംഘടനകളിൽ പ്രവർത്തിക്കുന്നതിനും, ഭാരവാഹിത്വം വഹിക്കുന്നതിനും നിയമപരമായി അവകാശമുണ്ടോ ;എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേരള പോലീസ് ആക്ട് 2011ൽ അദ്ധ്യായം '7' സെക്ഷൻ 86 (1) (e) യും The Police Forces (Restriction of Rights) Act - 1966 ലും PHQ സർക്കുലർ 08/2012 ഉം, GO (P) 27/2014 P&ARD/7/8/14 ലും ഇതുസംബന്ധിച്ച് എന്താണ് പ്രതിപാദിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരള പോലീസ് അസോസിയേഷൻ സംസ്ഥാന ജനറൽസെക്രട്ടറിയും തിരുവനന്തപുരം സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറുമായ ശ്രീ. ജി. ആർ. അജിത് (CPO - 4324) തിരുവനന്തപുരം കവടിയാർ 2793-ാം നമ്പർ എൻ.എസ്.എസ് കരയോഗം സെക്രട്ടറിയായി പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പത്ര ദൃശ്യമാധ്യമങ്ങളിൽ ഇതു സംബന്ധിച്ചുവന്ന വാർത്തയുടെയും രേഖാമൂലം പോലീസ് മേധാവിക്ക് ലഭിച്ച പരാതിയുടെയും അടിസ്ഥാനത്തിൽ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ്) അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ഇ) ശ്രീ. ജി. ആർ. അജിത്ത് ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് എൻ.എസ്.എസ് ന്റെ ഇലക്ഷനിൽ തന്റെ എതിർഭാഗത്തുള്ളവരെ ഭീഷണിപ്പെടുത്തിയതായും, ഒരു പോലീസുകാരന്റെ ഭാര്യയെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയതായും കാണിച്ച് തിരുവനന്തപുരം സിറ്റി പോലീസ് മേധാവിക്ക്

പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(എഫ്) ഇതുസംബന്ധിച്ച എന്തുനടപടിയാണ് കൈക്കൊണ്ടതെന്നും നടപടി സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ടെന്നും അറിയിക്കുമോ ?

## മത പരിവർത്തനം

1898. ശ്രീ.സാജു പോൾ
,, പി.ടി.എ. റഹീം
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയവത്ക്കരണത്തിന് ആക്കം കൂട്ടുന്ന നടപടികൾ നിരുത്സാഹപ്പെടുത്താൻ തയ്യാറാകുമോ;

(ബി) ഭരണഘടനയുടെ അനുച്ഛേദം 25 പരസ്യമായി ലംഘിക്കുന്ന സംഭവങ്ങളെ നിരീക്ഷിക്കുന്നുണ്ടോ;

(സി) മതനിരപേക്ഷത ഉയർത്തിപ്പിടിക്കാനും അതിനെതിരായുള്ള വെല്ലുവിളികൾ തടയാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

## ബി.എ. മുഹമ്മദ് കുഞ്ഞിയുടെ സ്കൂട്ടർ തീവെച്ച് നശിപ്പിച്ച സംഭവം

1899. ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജനുവരി മാസത്തിൽ കാസർഗോഡ് ചെമ്പരിക്ക സ്വദേശിയും ഐ.എൻ.എൽ ചെമ്പരിക്ക ശാഖ സെക്രട്ടറിയും പാചകക്കാരനുമായ ബി.എ. മുഹമ്മദ് കുഞ്ഞിയുടെ സ്കൂട്ടർ തീവെച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എല്ലാ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; ഏതെങ്കിലും പ്രതിയെ ഇനി പിടികിട്ടാനുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

## എം.എസ്.പി. ബെറ്റാലിയനിൽ ഡ്രൈവർ നിയമനം

1900. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.പി. ബെറ്റാലിയനിൽ ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി ;

(ബി) നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) എം.എസ്.പി ബറ്റാലിയൻ ഡ്രൈവർ പോസ്റ്റിൽ പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ; അതിനെ തുടർന്ന് എത്ര പേർക്കുകൂടി നിയമന സാധ്യതയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

## ഘർ വാപസി

1901. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും ഘർ വാപസി എന്ന പേരിൽ മതപരിവർത്തന ശ്രമങ്ങൾ നടന്നത് സംബന്ധിച്ച് ആരെങ്കിലും പരാതികൾ നൽകുകയോ കേസുകൾ രജിസ്റ്റർ ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

## ബാർ കോഴ വിവാദം

1902. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാർ കോഴ വിവാദങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## വഞ്ചന, തട്ടിപ്പ് കേസുകൾ

1903. **ശ്രീ.കെ.സുരേഷ് കുറുപ്പ്**
**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.വി.ചെന്താമരാക്ഷൻ**
**,, കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഞ്ചനയും തട്ടിപ്പും സംബന്ധിച്ച കേസുകൾ വർദ്ധിച്ചുവരുന്നുണ്ടോ : എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിരവധി കേസുകൾ റിപ്പോർട്ടു ചെയ്യപ്പെടുന്നുണ്ടെങ്കിലും പ്രതികൾ ഏറെയും ശിക്ഷിക്കപ്പെടുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) തട്ടിപ്പുകാരുടെ പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കുന്നതിന് ജനങ്ങളിൽ

അവബോധം ഉണ്ടാക്കാൻ നടപടി സ്വീകരിക്കാമോ ; പൊതുജനങ്ങൾക്കിടയിൽ തട്ടിപ്പുകാർക്ക് സ്വീകാര്യത ലഭിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇത്തരം കേസുകളിൽ പുതിയ തെളിവുകൾ പുറത്തുവന്നാലും അവ അന്വേഷണത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടാതെ പോകുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

## പോലീസ് സ്റ്റേഷനുകളിൽ നിന്ന് മെച്ചപ്പെട്ട സേവനം

1904. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(ബി) പോലീസ് സ്റ്റേഷനുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കുമോ എന്ന് വ്യക്തമാക്കാമോ ;

(സി) പോലീസ് സ്റ്റേഷനുകളിലെത്തുന്ന പരാതിക്കാർക്ക് ലഭിക്കുന്ന സേവനം സംബന്ധിച്ച് അവരുടെ അഭിപ്രായം ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

## പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ.

1905. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പോലീസ് വകുപ്പിൽ കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകളുണ്ടായിട്ടുണ്ടെന്ന് പറയാമോ;

(ബി) 2013-14 വർഷത്തെ ഒഴിവുകൾ എത്രയായിരുന്നുവെന്നും അതിൽ എത്രപേർക്ക് നിയമനം നൽകിയെന്നും പറയാമോ;

(സി) ഒഴിവുകൾ പൂർണ്ണമായും നികത്തിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഡി) ഈ വർഷത്തെ ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനും അടുത്തവർഷം ഉണ്ടായേക്കാവുന്ന ഒഴിവുകൾ മുൻകൂട്ടി നിശ്ചയിച്ച് നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

## സദാചാര ഗുണ്ടാ ആക്രമണം

1906. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എത്ര സദാചാര ഗുണ്ടാ ആക്രമണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ടി കേസുകളിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ ഒന്നിലധികം തവണ പ്രതികളായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

## റേഷൻ കാർഡ് പുതുക്കുന്നതിന് നിലനിൽക്കുന്ന അപാകതകളുമായി ബന്ധപ്പെട്ട സമരം

1907. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കുന്നതിന് നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സി.പി.ഐ(എം)ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എത്ര വില്ലേജ് ആഫീസുകൾക്ക് മുന്നിൽ സമരം നടന്നു;

(ബി) വില്ലേജ് ആഫീസുകൾക്ക് മുന്നിൽ സി.പി.ഐ(എം) ആഹ്വാനം അനുസരിച്ച് സമരത്തിൽ പങ്കെടുത്തവരുടെ എണ്ണം പോലീസ് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

## ചന്ദ്ര ബോസിന്റെ കൊലപാതകം

1908. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ സുരക്ഷാ ജീവനക്കാരനായിരുന്ന ചന്ദ്രബോസിനെ കൊലപ്പെടുത്തിയ കേസിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേസിൽ പ്രതിയായ നിസാമിനെ രക്ഷിക്കുന്നതിനുവേണ്ടി ക്രിമിനൽ ചട്ടപ്രകാരമുള്ള പല നടപടികളും പോലീസ് സ്വീകരിച്ചിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊലക്കേസുമായി ബന്ധപ്പെട്ട് പല തെളിവുകളും നശിപ്പിക്കപ്പെട്ടതായ വസ്തുതകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രതിയെ രക്ഷിക്കുന്നതിന് ചില ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ഇടപെട്ടുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രതിയുടെ മേൽ കാപ്പ നിയമം ചുമത്താതിരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) ചന്ദ്രബോസിന്റെ കൊലപാതകം ഗൗരവമായി അന്വേഷിച്ച് കുറ്റവാളിക്ക് നിയമാനുസരണമുള്ള ശിക്ഷ ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## പോലീസ് വർക്ക് ഷോപ്പുകൾ

1909. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് വർക്ക് ഷോപ്പുകൾ ഉണ്ട്; എവിടെയെല്ലാം സ്ഥിതി ചെയ്യുന്നു ;

(ബി) പ്രസ്തുത വർക്ക്ഷോപ്പുകളിൽ ആവശ്യത്തിന് മെക്കാനിക്കുകളും മറ്റ് സംവിധാനങ്ങളും നിലവിലുണ്ടോ;

(സി) പ്രസ്തുത വർക്ക് ഷോപ്പുകളുടെ ചുമതലകൾ നിലവിൽ നിക്ഷിപ്തമാക്കിയിട്ടുളളത് ആരിലാണ്;

(ഡി) മെക്കാനിക്കിനോ, മെക്കാനിക്ക് ഡിപ്ലോമ ഉള്ളവർക്കോ വർക്ക് ഷോപ്പുകളുടെ ചുമതല നൽകുന്നതിനും അതിന്റെ മേൽനോട്ടം ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിലവിലെ വർക് ഷോപ്പുകളിൽ അവശ്യം സംവിധാനങ്ങൾ ഉണ്ടെങ്കിൽ പോലീസ് വാഹനങ്ങൾ പുറത്തയച്ച് പണികൾ ചെയ്യിക്കേണ്ടി വരുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്തുമോ?

## സിപിഐ(എം) പ്രവർത്തകരെ കൊലപ്പെടുത്തിയ സംഭവങ്ങൾ

1910. **ശ്രീ.ഇ.പി.ജയരാജൻ**

**,,** ടി.വി.രാജേഷ്

**,,** ബാബു എം. പാലിശ്ശേരി

**,,** കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സിപിഐ(എം) പ്രവർത്തകരെ ആർ.എസ്.എസ്. പ്രവർത്തകർ കൊലപ്പെടുത്തിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിപിഐ(എം)ന്റെ എത്ര പ്രവർത്തകർ ആർ.എസ്.എസ്. ഉൾപ്പെടെയുള്ള വിവിധ സംഘടനകളുടെ ക്രിമിനലുകളാൽ കൊലചെയ്യപ്പെട്ടുകയുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സിപിഐ(എം) പ്രവർത്തകർക്കെതിരെ ഉണ്ടായ കൊലപാതക ശ്രമങ്ങൾ എത്ര;ഏതെല്ലാം കേസുകളിൽ എത്ര പ്രതികൾ ഇനിയും അറസ്റ്റ ചെയ്യപ്പെടാൻ ബാക്കി നില്പുണ്ട്, എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടാൻ ബാക്കി നില്പുണ്ട് എന്നീ വിശദാംശങ്ങൾ ലഭ്യമാണോ;

(ഡി) ആർ.എസ്.എസ്. സംഘത്തെ നിലയ്ക്ക് നിർത്താൻ നിഷ്പക്ഷമായ പ്രവർത്തനം ഉറപ്പാക്കാമോ?

<u>മാനവീയം വീഥി</u>

1911. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെള്ളയമ്പലത്ത് രൂപം നൽകിയ മാനവീയം വീഥിയിൽ കുറ്റൻ വാഹനങ്ങൾ പാർക്ക ചെയ്യും സാമൂഹിക വിരുദ്ധരുടെ താവളമാക്കി മാറ്റിയും സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് വിഘാതം സൃഷ്ടിച്ച വരുന്നതിനെക്കുറിച്ചന്വേഷിക്കാമോ;

(ബി) ഇത് പരിഹരിച്ച് മാനവീയം വീഥി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇവിടെ പോലീസിന്റെ സ്ഥിരം പട്രോളിംഗ് സംവിധാനം ഏർപ്പെടുത്താമോ?

<u>ഇരിട്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് കാക്കയങ്ങാട് പുതിയ പോലീസ് സ്റ്റേഷൻ</u>

1912. ശ്രീ.സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് കാക്കയങ്ങാട് ആസ്ഥാനമായി മുഴക്കുന്ന്, തില്ലങ്കേരി പഞ്ചായത്തുകളെ ഉൾപ്പെടുത്തി പോലീസ് സ്റ്റേഷൻ രൂപീകരിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; കാക്കയങ്ങാട് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിടം

1913. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഉറപ്പിൻമേൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിലവിലുള്ള ശോചനീയാവസ്ഥ പരിഗണിച്ച് കടന്നപ്പള്ളി വില്ലേജിൽ സർവ്വേ നമ്പർ 272ൽ പഴയ ടി.ബി . സാനിറ്റോറിയത്തിൽ നിന്നും സ്ഥലം ലഭ്യമാക്കി പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

## ആലപ്പുഴ പട്ടണത്തിലെ സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യാൻ നടപടി

1914. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ സാമൂഹ്യവിരുദ്ധരുടെയും ഗുണ്ടകളുടെയും നേതൃത്വത്തിൽ എത്ര ആക്രമണങ്ങൾ ഉണ്ടായി; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്;

(ബി) സാമൂഹ്യ വിരുദ്ധ, ഗുണ്ടാ ആക്രമണങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്ര വീടുകൾ അക്രമിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ചില പോലീസ് ഉദ്യോഗസ്ഥർ ഈ അക്രമണങ്ങളിലെ പ്രതികളെ സംരക്ഷിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്നറിയിക്കുമോ ;

(ഡി) ആലപ്പുഴ പട്ടണത്തിലെ സാമൂഹ്യ വിരുദ്ധ ഗുണ്ടാ മാഫിയ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തൃശ്ശൂർ പാവറട്ടിയിലെ സി.പി.ഐ (എം) പ്രവർത്തകരുടെ കൊലപാതകം

1915. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പാവറട്ടിയിലെ സി.പി.ഐ (എം) പ്രവർത്തകരായിരുന്ന ഒരു വീട്ടിലെ രണ്ട് സഹോദരങ്ങൾ (മുജീബ് റഹ്മാൻ, ഷിഹാബ്) ആർ.എസ്.എസ് ക്രിമിനലുകളാൽ കൊലചെയ്യപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആർ.എസ്.എസ് ക്രിമിനലുകൾ 2005-ൽ കൊലചെയ്ത മുജീബ് റഹ്മാന്റെ സഹോദരൻ ഷിഹാബിനെ കൊല ചെയ്ത സംഭവം സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഒരു വീട്ടിലെ സി.പി.ഐ (എം) പ്രവർത്തകരായിരുന്ന രണ്ട് സഹോദരങ്ങൾ ആർ.എസ്.എസ് ക്രിമിനലുകളാൽ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ?

## വിക്ടിം കോമ്പൻസേഷൻ സ്കീം

1916. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, ടി.വി.രാജേഷ്

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിക്ടിം കോമ്പൻസേഷൻ സ്കീം ഫണ്ട് വിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; ഇതിനായി നടപ്പ് വർഷം ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നു അറിയിക്കാമോ;

(ബി) പീഡിതരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച മാനദണ്ഡം വെളിപ്പെടുത്താമോ; ഏതെല്ലാം തരത്തിലുള്ള പീഡിതരാണ് നഷ്ടപരിഹാരത്തിന് അർഹരായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് എത്ര പീഡിതർക്കും ആശ്രിതർക്കും ജീവൻ നഷ്ടപ്പെട്ടവർക്കും അർഹതപ്പെട്ട വിക്ടിം കോമ്പൻസേഷൻ നൽകുവാൻ ബാക്കി നില്പുണ്ടെന്നു വിശദമാക്കാമോ;

(ഡി) ഏതെല്ലാം തരത്തിൽ പീഡിപ്പിക്കപ്പെട്ട ഇരകൾക്കാണ് ഇതിനകം നഷ്ടപരിഹാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപന തടയുന്നതിന് നടപടികൾ

1917. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപനയും മദ്യമയക്കുമരുന്ന് വിൽപനയും കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് കഞ്ചാവ്, മയക്കുമരുന്ന്, മറ്റ് നിരോധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപന നടത്തിയതിന്റെ പേരിൽ 2014-ൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(സി) വിദ്യാർത്ഥികൾക്ക് കഞ്ചാവ്, മയക്കുമരുന്ന്, മറ്റ് നിരോധിത ഉൽപന്നങ്ങൾ ഇവ എത്തിച്ച് കൊടുക്കുന്നവരെ കണ്ടെത്തുന്നതിനും അമർച്ച ചെയ്യുന്നതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുമോ?

<u>സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ്</u>

1918. **ശ്രീ.**സണ്ണി ജോസഫ്
**,,** എം.പി.വിൻസെന്റ്
**,,** പി.സി വിഷ്ണുനാഥ്
**,,** ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ലെ കേരള സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങൾ (തടയൽ) ആക്റ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും ബ്ലേഡ് മാഫിയയെ നേരിടുന്നതിനും എന്തെല്ലാം ശിക്ഷകളാണ് നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>എടച്ചേരി ജമീല കൊലപാതക കേസ്</u>

1919. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എടച്ചേരിയിൽ 2001 സെപ്തംബർ 8ന് കൊലചെയ്യപ്പെട്ട ജമീലയുടെ കൊലയാളിയെ കണ്ടെത്തുന്നതിൽ പോലീസ് പൂർണ്ണ

പരാജയമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യഥാർത്ഥ പ്രതിയെ കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത കേസിലെ പ്രതിയെ കണ്ടെത്തുന്നതിനുള്ള അന്വേഷണ ചുമതല മററൊരു ഏജൻസിയെ ഏൽപ്പിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>ജനമൈത്രി പോലീസ് സംവിധാനം</u>

1920. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സംവിധാനം എല്ലാ സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുജനങ്ങളോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും നാട്ടിൽ സമാധാനം നിലനിർത്തുന്നതിനും പോലീസ് സേനയിലെ എല്ലാ അംഗങ്ങൾക്കും വർഷം തോറും പ്രത്യേക ട്രെയിനിംഗ് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) പോലീസ് സേനയെ ശക്തിപ്പെടുത്തി കൂടുതൽ ജനസൗഹൃദമാക്കുന്നതിനും ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും, ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>എഴുകോൺ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം</u>

1921. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെട്ട എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കി ഉത്തരവായത് എന്നാണ് ;

(ബി) പ്രസ്തുത സ്ഥലത്ത് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനായുള്ള എം.എൽ.എ യുടെ കത്ത് ആഭ്യന്തര മന്ത്രിയുടെ ശിപാർശയോടെ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികാരികൾക്ക് ലഭിച്ചത് എന്നാണ് ;

(സി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

<u>കായംകുളം പോലീസ് സ്റ്റേഷൻറെ മതിൽ</u>

1922. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം - കെ പി റോഡ് വീതികൂട്ടുന്ന പദ്ധതിയുടെ ഭാഗമായി കായംകുളം പോലീസ് സ്റ്റേഷൻറെ മതിൽ പൊളിച്ച്മാറ്റുന്ന പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ആഭ്യന്തര വകുപ്പ് സ്ഥാപിച്ച ക്യാമറകൾ</u>

1923. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ആഭ്യന്തര വകുപ്പ് റോഡുകൾ/പോലീസ് സ്റ്റേഷനുകൾ/മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഏതെല്ലാം കമ്പനികളുടെ എത്ര ക്യാമറകൾ സ്ഥാപിച്ചു; ഇതിനായി എത്ര തുക ഓരോ വർഷവും ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ നിലവിൽ പ്രവർത്തനക്ഷമമായുള്ള ക്യാമറകൾ എത്രയെന്നും പ്രവർത്തനരഹിതമായവ എത്രയെന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ക്യാമറകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിലും വീഴ്ചകളോ കരാർ ലംഘനമോ നടത്തിയവർ/സ്ഥാപനങ്ങൾ ആരെല്ലാം; ഇവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) ഇത്തരം ക്യാമറകളിലൂടെ ഡ്രൈവർമാരുടെ അതിവേഗം അടക്കമുള്ള എത്ര കേസുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തു; ആയതുപ്രകാരം എത്ര തുക പിഴയിനത്തിൽ ഈടാക്കി; കാബിനറ്റ്, ഐ.എ.എസ്., ഐ.പി.എസ്., റാങ്കുള്ള ആരൊക്കെ ഇത്തരത്തിൽ പിഴയടച്ചു; വിശദാംശം വ്യക്തമാക്കുമോ?

<u>ഇരവികുളം നാഷണൽ പാർക്കിലെ (രാജമല) ഗതാഗതക്കുരുക്ക്</u>

1924. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവികുളം നാഷണൽ പാർക്കിലെ (രാജമല) ഗതാഗതക്കുരുക്കിനെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ;

(സി) ഇല്ലെങ്കിൽ ഗതാഗതക്കുരുക്ക് ഫലപ്രദമായി പരിഹരിക്കാൻ ഡി.റ്റി.പി.സി.യുടെ സഹകരണം തേടുമോ ;

(ഡി) അല്ലെങ്കിൽ വാഹനപാർക്കിംഗ് നിരക്ക് 10 രൂപയോ 15 രൂപയോ ആക്കി ചുരുക്കി പ്രശ്നപരിഹാരം തേടുമോ; വ്യക്തമാക്കുമോ ?

<u>ടിപ്പർ ലോറികളുടെ അമിത വേഗത</u>

1925. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടിപ്പർ ലോറികളിടിച്ചുണ്ടായിട്ടുള്ള അപകടമരണങ്ങളുടെ എണ്ണം വാർഷിക ക്രമത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) ടിപ്പർ ലോറികളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി പോലീസിന്റെ ഭാഗത്തുനിന്നുള്ള സംവിധാനങ്ങൾ /ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമാണോയെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ആഭ്യന്തര വകുപ്പിലെ വാഹനങ്ങൾ</u>

1926. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ, കാർ, ജീപ്പ്, ബസ്സ് തുടങ്ങിയ വാഹനങ്ങൾ എത്ര എണ്ണം വീതം ഉണ്ട്, ഇത്രയും വാഹനങ്ങൾക്ക് എത്ര ഡ്രൈവർമാർ സർവ്വീസിൽ ഉണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പല സമയങ്ങളിലും ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത പോലീസുകാരാണ് വാഹനങ്ങൾ ഓടിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒഴിഞ്ഞുകിടക്കുന്ന ഡ്രൈവർമാരുടെ തസ്തിക നികത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ?

<u>കേസുകൾ പിൻവലിക്കുന്നതിനായുള്ള നിരാക്ഷേപ പത്രം</u>

1927. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര പോലീസ് കേസുകൾ, ക്രൈം ബ്രാഞ്ച് കേസുകൾ, വിജിലൻസ് കേസുകൾ എന്നിവ പിൻവലിക്കുന്നതിനായി സർക്കാർ നിരാക്ഷേപ പത്രം നൽകിയെന്ന്

വിശദമാക്കാമോ;

(ബി) ഇതിൽ എത്ര കേസുകൾ പിൻവലിച്ച് കോടതി നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

1928. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണ് കൊലചെയ്യപ്പെട്ടത് ; ഓരോ കൊലപാതകവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണെന്ന് വ്യക്തമാക്കാമോ ;

(ബി) രാഷ്ട്രീയ കൊലപാതകങ്ങളെ തുടർന്നുണ്ടായ അനിഷ്ട സംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ ഓരോ കേസിലും എത്ര വീതമാണ് ;

(സി) ഏതെല്ലാം കൊലപാതക സംഭവങ്ങളെ തുടർന്നാണ് പോലീസിന്റെ നിഷ്ക്രിയത്വവും മറ്റും കാരണത്താൽ ആ പ്രദേശത്ത് അനിഷ്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടായിരുന്നത് ;

(ഡി) ടി. പി. ചന്ദ്രശേഖരൻ വധത്തെത്തുടർന്ന് അടുത്ത ദിവസങ്ങളിൽ വടകര താലൂക്കിൽ എത്ര വീടുകൾക്ക് നേരെ ആക്രമണങ്ങളും അതിൽ നാശനഷ്ടങ്ങളും ഉണ്ടായിട്ടുള്ളതായി പരാതികളുണ്ടായിരുന്നു ; വിശദമാക്കാമോ ?

<u>ചാലക്കുടി അഹബ് ഇബ്രാഹിമിന്റെ കൊലപാതകം</u>

1929. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പൂപ്പറമ്പിൽ വീട്ടിൽ സയ്യദ് ഇബ്രാഹിമിന്റെ മകൻ അഹബ് ഇബ്രാഹിം ബാംഗ്ലൂർ സോലഡേവനഹള്ളി ആചാര്യ പോളിടെക്നിക് കോളേജിൽ പഠിച്ചുകൊണ്ടിരിക്കെ, റാഗിംഗിനും ആക്രമണത്തിനും വിധേയനായി 10-8-2014-ൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യുകയോ, അന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ ;

(ബി) അന്വേഷണം ആവശ്യപ്പെട്ട് അഹബിന്റെ മാതാപിതാക്കൾ സമർപ്പിച്ച പരാതിയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) അഹബിന്റെ കൊലപാതകം അന്വേഷിക്കുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും

ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>എടപ്പാൾ - കോലോളമ്പ് നിക്ഷേപത്തട്ടിപ്പ്</u>

1930. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടപ്പാൾ - കോലോളമ്പ് നിക്ഷേപത്തട്ടിപ്പ് സംബന്ധിച്ച അന്വേഷണം നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രൈം നമ്പർ 554/10 മുതൽ 590/10 വരെ CBCID (EOW) KKD (Now MPM Cr. branch DYSP) ആയിട്ടുള്ള കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കുമോ;

(സി) ഈ അന്വേഷണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും ;

(ഡി) ആയിരക്കണക്കിന് സാധാരണക്കാരായ നിക്ഷേപകരുടെ എല്ലാ സമ്പാദ്യവും നഷ്ടപ്പെട്ട ഈ കേസ് സംബന്ധിച്ചുള്ള അന്വേഷണം അകാരണമായി നീണ്ടുപോകുന്നത് അവസാനിപ്പിച്ച് അന്വേഷണം ദ്രുതഗതിയിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

<u>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അതിക്രമിച്ചു കയറിയ കേസ്</u>

1931. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഭരണ സമിതി യോഗം നടക്കുമ്പോൾ അതിക്രമിച്ചു കയറിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ആരാണ് പരാതി നല്കിയതെന്നു വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സംഭവത്തിൽ ആരുടെയൊക്കെ പേരിലാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) ഏതെല്ലാം വകുപ്പ് ചേർത്താണ് കേസ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രതികൾ ഏത് സംഘടനയിൽ ഉൾപ്പെട്ടതാണ് എന്നും വെളിപ്പെടുത്തുമോ?

<u>പ്രോമിസറി നോട്ടുകളും ബ്ലാങ്ക് ചെക്ക് ലീഫുകളും ദുരുപയോഗം ചെയ്യുന്ന ന്യൂ ജനറേഷൻ ബാങ്കുകളും സഹകരണ സംഘങ്ങളും</u>

1932. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണം കടംകൊടുത്ത് മുൻകൂറായി സെക്യൂരിറ്റിയെന്നപേരിൽ വാങ്ങുന്ന പ്രോമിസറി നോട്ടുകളും ബ്ലാങ്ക് ചെക്ക് ലീഫുകളും ദുരുപയോഗം ചെയ്യുന്ന ബ്ലേഡ് മാഫിയ സംഘങ്ങൾ ചെയ്തു വരുന്ന പ്രവർത്തനങ്ങൾക്കു സമാനമായി സംസ്ഥാനത്തെ ന്യൂ ജനറേഷൻ ബാങ്കുകളും ചില സഹകരണ സംഘങ്ങളും പ്രവർത്തിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പിനും ഇന്റലിജൻസിനും കഴിഞ്ഞ കൊല്ലം (2014) എത്ര പരാതികൾ ലഭിച്ചുവെന്നും ഈ പരാതികളിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) ന്യൂ ജനറേഷൻ ബാങ്കുകളിൽ നിന്നും സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുമ്പോൾ മുൻകൂറായി വാങ്ങുന്ന ചെക്ക് ലീഫുകൾ വായ്പക്കാരനറിയാതെ കളക്ഷനയച്ച് വണ്ടി ചെക്കാക്കി കോടതികളിൽ കേസ് ഫയൽ ചെയ്തു വരുന്നതിനെക്കുറിച്ചന്വേഷിക്കാമോ;ഇത്തരം ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകാമോ?

(ഡി) ഇത്തരം ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകാമോ?

<u>മറുനാടൻ തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ</u>

1933. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മറുനാടൻ തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറുനാടൻ തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ നിരീക്ഷിക്കുന്നതിനും കണ്ടെത്തുന്നതിനും ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(സി) മറുനാടൻ തൊഴിലാളികൾക്കും കുടുംബങ്ങൾക്കുമെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നടപടിയെടുക്കുന്നതിനും എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലായെങ്കിൽ അവർക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും ഈ വിഭാഗത്തിനു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി പ്രത്യേക സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## രാഷ്ട്രീയ കൊലപാതകങ്ങൾ

1934. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ കൊലപാതക സംഭവത്തിനുശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതക സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടവരാണ് കൊല ചെയ്യപ്പെട്ടത്; വിശദമാക്കാമോ;

(ബി) ടി.പി. ചന്ദ്രശേഖരൻ കൊലപാതകത്തെ തുടർന്ന് അദ്ദേഹത്തിന്റെ വസതി സന്ദർശനം നടത്തിയ കേന്ദ്ര സംസ്ഥാന മന്ത്രിമാർ ആരൊക്കെയായിരുന്നു; ആഭ്യന്തര മന്ത്രി എത്ര തവണ സന്ദർശനം നടത്തി;

(സി) ഇതിനുശേഷമുണ്ടായ രാഷ്ട്രീയ കൊലപാതക സംഭവങ്ങളിൽ കൊല ചെയ്യപ്പെട്ടവരുടെ ഓരോത്തരുടെയും വസതിയിൽ ഏതെല്ലാം കേന്ദ്ര സംസ്ഥാന മന്ത്രിമാർ എത്ര തവണ വീതം സന്ദർശനം നടത്തുകയുണ്ടായി; വിശദമാക്കാമോ;

## പോലീസിനും ക്രിമിനലുകൾക്കുമിടയിൽ ഇടനിലക്കാർ

1935. **ശ്രീ.എം.എ.ബേബി**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേസുകൾ ഒതുക്കി തീർക്കാനും അട്ടിമറിക്കാനും പോലീസിനും ക്രിമിനലുകൾക്കുമിടയിൽ ഇടനിലക്കാർ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇടനിലക്കാർ വഴി കൈക്കൂലി വാങ്ങി കേസിലെ പ്രതികളെ വിട്ടയച്ച സംഭവങ്ങൾ ഏതെല്ലാമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത്തരം ഇടപാടുകളിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാരെയും അവർക്ക് കൂട്ടു നിൽക്കുന്ന ഉന്നതരെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ശിക്ഷിക്കാനും തയ്യാറാകുമോ;

(ഡി) തട്ടിപ്പുകാരിയായ കവിതാപിള്ളയുടെ ഇടനിലയിൽ പോലീസുകാർ കൈക്കൂലി വാങ്ങി മയക്കുമരുന്ന് കേസ് പ്രതികളെ വിട്ടയച്ച സംഭവം റിപ്പോർട്ടു ചെയ്യപ്പെട്ടതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധമായ രഹസ്യാന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കളമശ്ശേരി, കടകംപള്ളി ഭൂമിതട്ടിപ്പ് കേസ്

1936. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, എസ്.ശർമ്മ

,, ബി.ഡി. ദേവസ്സി

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി, കടകംപള്ളി ഭൂമിതട്ടിപ്പ് കേസ്സിൽ സസ്പെൻഡ് ചെയ്യപ്പെട്ടവരെത്ര; അവരിൽ ആരെയെങ്കിലും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തട്ടിപ്പുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെട്ടതായുള്ള വാർത്തകൾ ശരിയാണോ; ഇക്കാര്യം സി.ബി.ഐ.യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) അന്വേഷണസംഘത്തിനാവശ്യമായ എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്?

## ഓപ്പറേഷൻ കുബേര

1937. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് സംസ്ഥാനത്ത് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ബി) ഈ കേസുകളിലെല്ലാം കൂടി എത്ര പേർ പ്രതികളായിട്ടുണ്ട് ;

(സി) എത്ര കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് ;

(ഡി) ഓപ്പറേഷൻ കുബേരയുടെ പേരിൽ ഇപ്പോഴും നടപടികൾ തുടരുന്നുണ്ടോ ; വ്യക്തമാക്കാമോ ?

## കുന്ദമംഗലം പോലീസ് സ്റ്റേഷൻ

1938. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## ചന്ദ്രബോസ് കൊലപാതക കേസ്

1939. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രബോസ് കൊലപാതക കേസ്സിൽ പ്രതി നിഷാമിനെ പോലീസിന്റെ തലപ്പത്തുള്ളവർ സഹായിച്ചിട്ടുള്ളതായ ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## ഓപ്പറേഷൻ സുരക്ഷാ നടപടി

1940. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സുരക്ഷാ നടപടികളുടെ ഭാഗമായി കായംകുളം, കരീലക്കുളങ്ങര, വള്ളിക്കുന്ന്, മാവേലിക്കര, കനകകുന്ന് പോലീസ് സ്റ്റേഷൻ അതിർത്തികളിൽ എത്ര ഗുണ്ടാ മാഫിയ സംഘങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; ഇതിൽ സ്ത്രീകൾക്കെതിരെ നടന്ന് അക്രമങ്ങളുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കാമോ?

## ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കൽ

1941. ശ്രീ.വി.പി.സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## ചന്ദ്രബോസ് വധക്കേസ്

1942. ശ്രീ.ഇ.പി.ജയരാജൻ

,, എ.എം. ആരിഫ്

,, പി.ശ്രീരാമകൃഷ്ണൻ

,, എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രബോസ് വധക്കേസ് അട്ടിമറിക്കാൻ ഉന്നത ഭരണ നേതൃത്വം ഇടപെട്ടുവെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇതേപ്പറ്റി സമഗ്ര അന്വേഷണം നടത്താൻ തയ്യാറാകുമോ;

(ബി) കേസ് അട്ടിമറിക്കാൻ രാഷ്ട്രീയ ഗൂഢാലോചന നടന്നിട്ടുണ്ടോ: എങ്കിൽ ആരൊക്കെയാണ് ഗൂഢാലോചന നടത്തിയതെന്ന് അന്വേഷിക്കുമോ;

(സി) ചന്ദ്രബോസിന്റെ രക്തം പുരണ്ട വസ്ത്രം ഉൾപ്പെടെ, കേസിലെ സുപ്രധാന തെളിവുകളെല്ലാം നശിപ്പിക്കപ്പെട്ടതായുള്ള റിപ്പോർട്ടുകൾ അന്വേഷണ വിധേയമാക്കുമോ;

(ഡി) കൊലയാളി നിസാമിന്റെ ഭാര്യക്കെതിരെ തെളിവുകൾ ഉണ്ടായിട്ടും കേസെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) ആദ്യ നാളുകളിൽ തന്നെ മരണമൊഴി എടുക്കാതിരുന്നത് പ്രതിയെ സഹായിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണോയെന്ന കാര്യം അന്വേഷണസംഘം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) പ്രതി കൈവശം വെച്ചിരുന്ന തോക്ക് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ജി) സംഭവത്തിനുശേഷമുള്ള പ്രതിയുടെയും ഇടനിലക്കാരുടെയും ഗൂഢാലോചനക്കാരുടെയും ഫോൺകോളുകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; സംഭവത്തെ തുടർന്ന് തൃശൂരിലെത്തിയ മന്ത്രിമാരും ഉന്നത പോലീസുദ്യോഗസ്ഥന്മാരും ആരൊക്കെയായിരുന്നു; നടത്തിയ ചർച്ചകൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ ?

## ചന്ദ്രബോസ് വധക്കേസ്

1943. ശ്രീ.കെ.രാധാകൃഷ്ണൻ

,, ജി.സുധാകരൻ

,, പുരുഷൻ കടലുണ്ടി

,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രബോസ് വധക്കേസ് അന്വേഷണം നടത്തുന്ന പോലീസ്, തുടക്കം മുതലേ പ്രതി നിസാമിനെ രക്ഷിക്കാൻ ശ്രമിച്ചതായുള്ള കൂടുതൽ തെളിവുകൾ പുറത്തുവന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിസാമിനെതിരായുള്ള ക്രിമിനൽ കേസുകളുടെ പ്രാഥമിക റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് പൂഴ്ത്തിവയ്ക്കപ്പെട്ടതും ആവശ്യം യഥാസമയം അവഗണിക്കപ്പെട്ടതും സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) വധശ്രമം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചേർത്ത് കാപ്പ ചുമത്താനുള്ള അപേക്ഷ നൽകാൻ താമസം നേരിട്ടതിന്റെ കാരണം എന്തായിരുന്നെന്ന് വ്യക്തമാക്കുമോ;

(ഡി) ചന്ദ്രബോസിന്റെ വസ്ത്രം ശേഖരിക്കുന്നതിലും മരണമൊഴി എടുക്കുന്നതിലും ഉണ്ടായ വീഴ്ചകൾ അന്വേഷിച്ചിട്ടുണ്ടോ; പോലീസ് കസ്റ്റഡിയിൽ വാങ്ങിയ നിസാമുമായി ബാംഗ്ലൂരിലും തിരുനെൽവേലിയിലും തെളിവെടുപ്പ് യാത്ര നടത്തിയതിന്റെ പിന്നിലെ ദുരൂഹതകൾ അന്വേഷണ വിധേയമാക്കുമോ?

<u>ജാതിപ്പേരു വിളിച്ച് ആക്ഷേപിച്ചതിന് കേസ്</u>

1944. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ടവരെ ജാതിപ്പേരു വിളിച്ച് ആക്ഷേപിച്ചത്തിന്റെ പേരിൽ സംസ്ഥാനത്ത് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്; എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു; എത്രപേർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ബി) എസ്.സി,എസ്.ടി വിഭാഗത്തിൽപ്പെട്ടവരെ ജാതിപ്പേരു വിളിച്ച് ആക്ഷേപിച്ചത്തിന്റെ പേരിൽ സംസ്ഥാനത്ത് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്; എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു; എത്രപേർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിലെ സുരക്ഷാ സൗകര്യങ്ങൾ</u>

1945. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ സുരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വകുപ്പിന്റെ ചുമതലയിൽ സി സി റ്റി വി ക്യാമറകൾ

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) മാവേലിക്കര വിച്ചൽ ജംഗ്ഷൻ, തട്ടാരമ്പലം ജംഗ്ഷൻ, ചാരുംമൂട് ജംഗ്ഷൻ എന്നിവിടങ്ങളിലെ സിഗ്നൽ ലൈറ്റുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് യൂണിറ്റ്

1946. **ശ്രീ.**ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ട്രാഫിക് യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ട്രാഫിക് യൂണിറ്റ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

## നാദാപുരത്ത് സ്കൂൾ വിദ്യാർത്ഥിനി പീഡനത്തിനിരയായ കേസ്

1947. **ശ്രീ.**ഇ.കെ.വിജയൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ദാറുൽഹുദാ ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാർത്ഥിനി പീഡനത്തിനിരയായ കേസ് അന്വേഷണം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രൈംബ്രാഞ്ച് അന്വേഷണ ഉദ്യോഗസ്ഥർ കേസ് സ്കൂൾ മാനേജ്മെന്റിന് അനുകൂലമാക്കുന്നു എന്ന പീഡനത്തിനിരയായ പെൺകുട്ടിയുടെ ബന്ധുക്കളുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അന്വേഷണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ?

## കാലപ്പഴക്കം ചെന്ന പോലീസ് വാഹനങ്ങൾ മൂലമുള്ള അപകട മരണങ്ങൾ

1948. **ശ്രീ.**എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിൽപ്പെട്ട ചെറുവണ്ണൂരിൽ പോലീസ് ജീപ്പിടിച്ച് ഒരു അദ്ധ്യാപിക മരണപ്പട്ട വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അപകടത്തിന് കാരണമായ പോലീസ് ജീപ്പ് കാലപ്പഴക്കം ചെന്നതായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലപ്പഴക്കം ചെന്ന വാഹനങ്ങൾ ഒഴിവാക്കി പോലീസിന് പുതിയ വാഹനങ്ങൾ

നല്കാൻ നടപടി കൈക്കൊള്ളുമോ?

<u>കാസർഗോഡ് ടൗൺ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സ്</u>

1949. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1176 /2011 ക്രൈം നമ്പറായി കാസർഗോഡ് ടൗൺ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിൽ എത്ര പ്രതികളാണുള്ളത് ; ഈ കേസ്സിന്റെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത തീയതിയും അത് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ പേരും വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സെക്ഷനുകൾ ചേർത്താണ് എഫ്.ഐ.ആർ. തയ്യാറാക്കിയത് ; ചാർജ്ജ്ഷീറ്റ് എപ്പോഴാണ് കോടതിയിൽ സമർപ്പിച്ചത് ; എഫ്.ഐ.ആറിൽ പറഞ്ഞ സെക്ഷനുകളും പ്രതികളും ചാർജ്ജ് ഷീറ്റിലും ഉണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത് ;

(സി) ഈ കേസിൽ ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടോ ; ഉണ്ടെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണമെന്ത് ;

(ഡി) ഈ കേസ്സിലെ എഫ്.ഐ.ആർ. ന്റെ കോപ്പി നൽകുമോ ?

<u>ഓപ്പറേഷൻ സുരക്ഷ പദ്ധതി</u>

1950. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, സി.പി.മുഹമ്മദ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളെ നേരിടാൻ ഓപ്പറേഷൻ സുരക്ഷ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>അനധികൃതമായി തോക്ക് കൈവശം വയ്ക്കുന്നവർക്കെതിരെ നടപടി</u>

1951. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികൾ തോക്ക് കൈവശം വയ്ക്കുന്നതിന് പാലിക്കേണ്ട നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) അനധികൃതമായി തോക്ക് കൈവശം വയ്ക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ സംവിധാനമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

## അന്യസംസ്ഥാന ഭിക്ഷാടന മാഫിയകൾ

T 1952. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ഭിക്ഷാടന മാഫിയയുടെ പ്രവർത്തനങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരം ഭിക്ഷാടന മാഫിയകൾ മോഷണങ്ങളും മറ്റ് കുറ്റകൃത്യങ്ങളും നടത്തുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ഭിക്ഷാടന മാഫിയകളെ ഫലപ്രദമായി തടയുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## സർക്കാർ പിൻവലിച്ച കേസ്സുകൾ

1953. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസ് എഫ്.ഐ.ആർ ഇട്ട് കോടതിയിൽ വിചാരണയിലിരിക്കുകയായിരുന്ന എത്ര കേസ്സുകൾ പിൻവലിക്കാൻ ഉത്തരവുകൾ പുറപ്പെടുവിച്ചു;

(ബി) പോലീസ് അന്വേഷണത്തിലിരിക്കുകയായിരുന്ന എത്ര കേസ്സുകൾ സർക്കാർ ഉത്തരവിലൂടെ പിൻവലിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പോലീസ് അന്വേഷണത്തിലിരിക്കെ പ്രതികൾ അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ടായിരുന്ന എത്ര കേസ്സുകൾ സർക്കാർ ഉത്തരവിലൂടെ പിൻവലിച്ചിട്ടുണ്ട്; ഇതിന്റെ പേരിൽ അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെടേണ്ടിയിരുന്ന എത്ര പേരെ പോലീസിന് അറസ്റ്റ് ചെയ്യാൻ സാധിക്കാതെ പോയിട്ടുണ്ട് വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് പീഡനക്കേസ്സ്

1954. **ശ്രീ.കെ.കുഞ്ഞിരാമന്‍ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാഞ്ഞങ്ങാട് ട്യൂഷന്‍ സെന്ററില്‍ നടന്ന പീഡനക്കേസ്സ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കുറ്റപത്രം സമര്‍പ്പിച്ചിട്ടുണ്ടോ ; പ്രതികള്‍ ആരൊക്കെയാണെന്നും പ്രസ്തുത കേസ്സില്‍ ഇനി എത്ര പ്രതികളെ പിടികൂടാനുണ്ടെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ഏത് ഏജന്‍സിയാണ് നടത്തുന്നതെന്ന് അറിയിക്കാമോ ?

## സംസ്ഥാനത്ത് വളര്‍ന്നുവരുന്ന വിവിധ മാഫിയ സംഘങ്ങള്‍

1955. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വളര്‍ന്നുവരുന്ന ബ്ലേഡ് മാഫിയ, ഭൂമാഫിയ, പെണ്‍വാണിഭ മാഫിയ, മണല്‍ മാഫിയ, പാറഖനന മാഫിയ, മനുഷ്യക്കടത്ത്, അന്യസംസ്ഥാനത്തു നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന കടത്തു മാഫിയ എന്നിവ കൂടി വരുന്നത് സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ക്രൈം റെക്കോര്‍ഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2011 ജൂണ്‍ മുതല്‍ 2015 ഫെബ്രുവരി വരെ ഓരോ വര്‍ഷവും രജിസ്റ്റര്‍ ചെയ്തിട്ടുള്ള കേസ്സുകളുടെ കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇതില്‍ എത്ര കേസ്സുകളില്‍ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്; എത്ര കേസ്സുകളില്‍ പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരം കേസ്സുകളില്‍ ഉള്‍പ്പെട്ട ആഭ്യന്തര വകുപ്പ് ജീവനക്കാര്‍, മറ്റു സര്‍ക്കാര്‍ - അര്‍ദ്ധ സര്‍ക്കാര്‍ - പൊതുമേഖല - സ്വകാര്യമേഖല ഉദ്യോഗസ്ഥര്‍ ആരെല്ലാമെന്ന് വര്‍ഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇത്തരം മാഫിയകളെ നിയന്ത്രിക്കാന്‍ ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## വാടാനപ്പള്ളി പോലീസ് സ്റ്റേഷന്‍

1956. **ശ്രീ.പി.എ.മാധവന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) കെട്ടിട നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ ;

(സി) നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ നൽകുമോ ?

## മാവോയിസ്റ്റ് ആക്രമണം

1957. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന മാവോയിസ്റ്റ് ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ആക്രമണത്തിനെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ സ്റ്റേഷൻ അതിർത്തികളിലാണ് കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്;

(ബി) മാവോയിസ്റ്റ് ആക്രമണത്തെ ചെറുക്കാൻ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ;

(സി) ശബരിമല വനമേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കൃഷ്ണകുമാർ നൽകിയ പരാതി

1958. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറുവണ്ണൂർ സർക്കിൾ ഇൻസ്പെകർ ഓഫീസിൽ കൃഷ്ണകുമാർ എം, കൺവീനർ, ആക്ഷൻ കമ്മറ്റി എന്ന പേരിൽ 21.2.2015 ന് ഒരു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയിന്മേൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;ഉണ്ടെങ്കിൽ എഫ്.ഐ.ആറിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

## മയക്കുമരുന്നു കടത്തിനെതിരെ നടപടി

1959. ശ്രീ.കെ.എൻ.എ.ഖാദർ

,, സി.മമ്മൂട്ടി

,, വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കമരുന്ന കടത്തും, ഉപയോഗവും ക്രമസമാധാന രംഗത്ത് ഗുരുതര പ്രത്യാഘാതങ്ങൾക്കിടയാക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ കേന്ദ്ര നാർക്കോട്ടിക് വിരുദ്ധ സംവിധാനവുമായി ചേർന്ന് ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാവുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷക്കാലം പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) കഴിഞ്ഞ ഒരു വർഷക്കാലം കേന്ദ്ര ഏജൻസികൾ മയക്കമരുന്ന് കടത്തുമായി ബന്ധപ്പെട്ട് എത്ര പേരെ സംസ്ഥാനത്തു നിന്നും അറസ്റ്റ് ചെയ്തുവെന്നതിന്റെ വിശദവിവരം നല്കാമോ?

<u>റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതി</u>

1960. ശ്രീ.പി.എ.മാധവൻ

,, കെ.മുരളീധരൻ

,, പാലോട് രവി

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സൗജന്യ ചികിത്സ നൽകുന്ന ഇൻഷ്വറൻസ് പദ്ധതി ആഭ്യന്തര വകുപ്പ് നടപ്പാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ;

(ബി) പദ്ധതി ആനുകൂല്യത്തിന് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ</u>

1961. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇത്തരം കേസുകളിലുൾപ്പെട്ട പ്രതികൾ കോടതിയിൽ നിന്നും തെളിവുകളുടെ അഭാവത്തിലും നടപടിക്രമങ്ങളുടെ പാളിച്ചകൾ മൂലവും രക്ഷപ്പെടാറുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനും കുറ്റവാളികൾക്ക് തക്കതായ ശിക്ഷ ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഭീകരപ്രവർത്തനം</u>

1962. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനലായങ്ങൾ കേന്ദ്രീകരിച്ച് ഭീകരസംഘടനകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആതുര സേവനത്തിന്റെ പേരിൽ ചില സംഘടനകൾ ആംബുലൻസുകൾ കൈവശം വയ്ക്കുകയും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(സി) ആംബുലൻസുകളുടെ ദുരുപയോഗം തടയാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വർഗ്ഗീയ സംഘടനകളോട് പോലീസ് മൃദുസമീപനം സ്വീകരിക്കുന്നുണ്ടോ വിശദമാക്കുമോ ?

<u>മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെയുള്ള അന്വേഷണങ്ങൾ</u>

1963. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള യു.ഡി.എഫ്. മന്ത്രിസഭയിലെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ നിലവിൽ ഏതെല്ലാം വിഷയങ്ങളിൽ ഏതെല്ലാം അന്വേഷണ ഏജൻസികളുടെ നേതൃത്വത്തിൽ അന്വേഷണങ്ങൾ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള മന്ത്രിസഭയിലെ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമെതിരെ ഏതെല്ലാം കോടതികളിൽ എത്ര വീതം കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) അഴിമതി നിരോധന നിയമപ്രകാരം മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും എതിരെ എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## അന്ധവിശ്വാസങ്ങളുടെ പേരിൽ ചികിത്സാ പീഡനങ്ങൾ

1964. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളുടെ പേരിൽ സംസ്ഥാന വ്യാപകമായി നടക്കുന്ന വിവിധതരം ചികിത്സാ പീഡനങ്ങളും തുടർന്നുള്ള മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര പേർ ഇത്തരം പീഡനങ്ങളിൽ കൊല്ലപ്പെട്ടു എന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കൊലപാതങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്തു ;പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) അന്ധവിശ്വാസങ്ങളുടെ പേരിൽ നടക്കുന്ന പ്രാകൃത ചികിത്സാരീതികളെക്കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു; വിശദാംശങ്ങൾ നൽകുമോ?

## അന്യസംസ്ഥാനക്കാരുടെ കുറ്റകൃത്യങ്ങൾ

1965. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ആവശ്യാർത്ഥം എന്ന വ്യാജേന എത്തുന്ന അന്യസംസ്ഥാനക്കാർ മയക്കുമരുന്ന്, മോഷണം, മറ്റ് ഗുരുതര കുറ്റകൃത്യങ്ങൾ എന്നിവയിലേർപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) റെയിൽവേ സ്റ്റേഷനുകളിൽ ഇവരുടെ പക്കലുള്ള നിരോധിത വസ്തുക്കൾ പരിശോധിക്കുന്നതിനും ഇത്തരക്കാരെ നിരീക്ഷിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ;

(സി) അന്യസംസ്ഥാനക്കാർ സംസ്ഥാനത്ത് താമസിക്കുന്നത് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിലാകണം എന്ന നിർദ്ദേശം പോലീസിന് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## വ്യാജസർട്ടിഫിക്കറ്റ്

1966. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജസർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്ന കേന്ദ്രം 2014 ഡിസംബർ മാസത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ആരെക്കെയാണ് പ്രതികളെന്നും ഇനി ആരെയെങ്കിലും പിടികിട്ടാനുണ്ടോ യെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പ്രതികളിൽ ആരെങ്കിലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ പോഷക സംഘടനകളുടെയോ ഭാരവാഹിയായി പ്രവർത്തിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) ഈ കേസ് ആരാണ് ഇപ്പോൾ അന്വേഷിക്കുന്നത്; കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് നിർബന്ധിത സ്ഥലം മാറ്റത്തിന് വിധേയനാകേണ്ടിവന്നിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

## പോലീസുദ്യോഗസ്ഥന്മാരുടെ ഇടയിലെ കുറ്റവാസനകൾ

1967. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ ചുമതലയുള്ള പോലീസുദ്യോഗസ്ഥർ കുറ്റവാളികളാകുന്നതും കുറ്റകൃത്യങ്ങൾക്ക് കൂട്ടുനിൽക്കുന്നതും നിലവിൽ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഇതിൽ ഉൾപ്പെട്ട പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇപ്പോൾ എത്ര പേർക്കെതിരെ എത്ര കേസുകൾ ഉണ്ടെന്നും എത്രപേർ ജയിലിലാണ് എന്നും അവർ ആരൊക്കെ എന്നും വ്യക്തമാക്കുമോ;

(സി) ആഭ്യന്തരവകുപ്പുദ്യോഗസ്ഥരിൽ വർദ്ധിച്ചുവരുന്ന കുറ്റവാസനയ്ക്ക് പരിഹാരം കണ്ടെത്താനും, നിയമവിരുദ്ധ പ്രവൃത്തികളിൽ ഏർപ്പെടാതിരിക്കുവാനും എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## വിദ്യാർത്ഥികൾക്കായി നിരീക്ഷണ പോലീസ് സംവിധാനം

1968. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾ മയക്കുമരുന്നുകളുടെയും മറ്റ് കുറ്റകൃത്യങ്ങളുടെയും പാതയിലേയ്ക്ക് പോകാതിരിക്കുവാൻ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദീകരിക്കാമോ; ;

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഒരു നിരീക്ഷണ പോലീസ് സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

## പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ

1969. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവരുടെ എണ്ണവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയവ എത്ര; വിചാരണ പൂർത്തിയാക്കിയവ എത്ര; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയയ്ക്കപ്പെട്ടവരുടെ എണ്ണവും എത്ര; വ്യക്തമാക്കാമോ?

## സ്ത്രീകൾക്കെതിരെയുള്ള അതിക്രമ കേസുകൾ

1970. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള എത്ര അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ, മറ്റ് പീഢനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഈ കേസുകളിലെല്ലാമായി ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര ; ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര ; വ്യക്തമാക്കാമോ ?

## വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് വിപണനം

1971. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാർത്ഥികളുടെ ഇടയിലും, കലാലയ പരിസരങ്ങളിലും മയക്കുമരുന്നിന്റെ വിപണനം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലേക്ക് മയക്കുമരുന്ന് എത്തിക്കുന്ന ലോബികളെയും, വിദ്യാർത്ഥികളടക്കമുള്ളവരിലേക്ക് ഇത് കൈമാറ്റം ചെയ്യപ്പെടുന്ന സാഹചര്യവും ഇല്ലാതാക്കുന്നതിന് പ്രത്യേകം സ്ക്വാഡിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാലയ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുന്നതിന് ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ?

## ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് ആക്ട് **1989**

1972. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1989 -ലെ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്;

(ബി) ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസ്സുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തവ എത്ര; അതിൽ രണ്ട് വർഷവും ഒരു വർഷവും പിന്നിട്ട കേസ്സുകൾ എത്ര; വ്യക്തമാക്കാമോ;

(ഡി) പെൻഡിംഗിലുള്ള മൊത്തം കേസ്സുകളിൽ എത്ര പേരെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്; വ്യക്തമാക്കുമോ?

(ഇ) ഇതിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന അതിക്രമങ്ങൾ എത്ര; കൊലപാതകക്കേസ്സുകൾ എത്ര; സ്ത്രീ പീഡനക്കേസ്സുകൾ എത്ര; ബലാത്സംഗക്കേസുകൾ എത്ര; വ്യക്തമാക്കാമോ?

## പോലീസ് ശുഭയാത്ര **2015** പദ്ധതി

1973. ശ്രീ.വർക്കല കഹാർ

,, ബെന്നി ബെഹനാൻ

,, ടി.എൻ. പ്രതാപൻ

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് 'ശുഭയാത്ര 2015' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ജനങ്ങൾക്ക് സുരക്ഷിതയാത്ര ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയിതിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ **233/2014**

1974. ശ്രീമതി.ജമീല പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 233/2014 ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കേസിന്റെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## ഫയർ ആന്റ് റസ്ക്യൂ സർവ്വീസിനുവേണ്ടി വാഹനങ്ങളും ഉപകരണങ്ങളും

1975. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസിനുവേണ്ടി നടപ്പ് സാമ്പത്തികവർഷത്തിൽ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങളും ഉപകരണങ്ങളും ഏതെല്ലാം നിലയങ്ങൾക്കും ഫയർ ആന്റ് റസ്ക്യൂ വകുപ്പ് ആഫീസുകൾക്കുമാണ് വിതരണം ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര അഗ്നിശമന രക്ഷാ നിലയത്തിലേക്ക് ലഭ്യമാക്കിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം വെളിപ്പെടുത്തുമോ ;

(ഡി) കൊട്ടാരക്കര നിലയത്തിന് അടിയന്തരമായി ഒരു മൊബൈൽ ടാങ്ക് യൂണിറ്റും ഒരു ജീപ്പും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>പരവൂർ ഫയർ സ്റ്റേഷനിലേക്കുള്ള വാഹനങ്ങൾ</u>

1976. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷനിൽ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന എത്ര വാഹനങ്ങളാണ് ആകെയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ ഓരോന്നിന്റെയും കാലപ്പഴക്കം എത്രയാണെന്ന് അറിയിക്കുമോ;

(സി) വാഹനങ്ങൾ അത്യാവശ്യ ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്നതാണോ;

(ഡി) അത്യാഹിതങ്ങൾ നേരിടുന്നതിലേയ്ക്ക് പുതിയ വാഹനങ്ങൾ കൂടി ആവശ്യമാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ പുതിയ വാഹനങ്ങൾ കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ</u>

1977. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>പെരിങ്ങോം ഫയർ സ്റ്റേഷൻ</u>

1978. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

<u>പുതുക്കാട് ഫയർ സ്റ്റേഷനിൽ വാഹനവും അനുബന്ധ ഉപകരണവും ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

1979. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ഫയർ സ്റ്റേഷനിൽ ആവശ്യമായ വാഹനവും അനുബന്ധ ഉപകരണവും ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടോ ;അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എന്നേക്ക് വാഹനവും മറ്റു ഉപകരണങ്ങളും ലഭ്യമാകുമെന്നു വ്യക്തമാക്കാമോ ?

<u>കോഴിക്കോട് ജില്ലയിൽ പുതിയ ഫയർ സ്റ്റേഷനുകൾ</u>

1980. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം സ്ഥലങ്ങളാണ് പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

<u>മട്ടന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ</u>

1981. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് ഗവൺമെന്റിന്

സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) മട്ടന്നൂർ ഫയർ ഫയൽ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

<u>അഗ്നിശമനസേനാ വിഭാഗത്തിന്റെ ആധുനികവൽക്കരണം</u>

1982. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ അഗ്നിശമനസേനാ വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിനും പരിഷ്ക്കരണത്തിനും എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) ചേർത്തല ഫയർ & റസ്ക്യൂ യൂണിറ്റിൽ ഈ കാലയളവിൽ നൽകിയ വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ഇവയുടെ പുതിയ ഉപയോഗരീതികൾ പഠിപ്പിക്കുന്നതിന് ഈ വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകിയിട്ടുണ്ടോ ?

<u>സി ആപ്റ്റിലെ അഴിമതി</u>

1983. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി ആപ്റ്റിലെ അഴിമതിയുമായി ബന്ധപ്പെട്ട് എം.ഡി. യ്ക്കെതിരെയുള്ള വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം രേഖകളാണ് സ്ഥാപനത്തിൽ നിന്നും വിജിലൻസ് എടുത്തിട്ടുള്ളത്;

(സി) വിജിലൻസ് അന്വേഷണത്തിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രതിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>ബാർ കോഴ ശബ്ദരേഖ</u>

T 1984. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ ബാറുകൾ തുറക്കുന്നതിന് നാല് കോൺഗ്രസ്സ് മന്ത്രിമാർ കൂടി കോഴ വാങ്ങിയെന്ന ബാർ അസോസിയേഷൻ പ്രസിഡന്റിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായ ശബ്ദരേഖ വിജലൻസിന്റെ ബാർ കേസ് അന്വേഷണസംഘം പരിശോധിക്കുകയുണ്ടായോ;

(സി) ശബ്ദരേഖ വ്യാജമാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരം; ശബ്ദരേഖയിൽനിന്നും കേസന്വേഷണവുമായി ബന്ധപ്പെട്ട എന്തെല്ലാം വിവരങ്ങൾ വിജിലൻസിന് ലഭിക്കുകയുണ്ടായി; വിശദമാക്കാമോ;

(ഡി) ശബ്ദരേഖ ഏതെങ്കിലും നിലയിലുള്ള പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് വിജിലൻസ് സംഘത്തിന് അഭിപ്രായപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ?

<u>പാമൊലിൻ അഴിമതി കേസ്</u>

1985. ശ്രീ.ജി.സുധാകരൻ

,, പി.കെ.ഗുരുദാസൻ

,, ജെയിംസ് മാത്യു

,, കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമൊലിൻ അഴിമതി കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും സർക്കാർ ഉയർത്തിയ വാദങ്ങൾ എന്തെല്ലാമായിരുന്നു; ഇതിനായി സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്; ഇരു കോടതികളും സർക്കാർ വാദമുഖങ്ങൾ തള്ളിക്കളയുകയുണ്ടായോ; വിശദമാക്കാമോ;

(ബി) വിചാരണ കോടതി മുമ്പാകെയുള്ള തെളിവുകളുടെയും സാക്ഷിമൊഴികളുടെയും അടിസ്ഥാനത്തിൽ പ്രതികളെ വിചാരണ ചെയ്യാൻ സർക്കാർ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്; പാമൊലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായതായും ദുരൂഹതകൾ ഉള്ളതായും സി.എ.ജി. റിപ്പോർട്ടും, പി.എ.സി. റിപ്പോർട്ടും ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യം സർക്കാരിനറിയാമായിരുന്നുവോ;

(സി) സർക്കാരിന്റെ റിവിഷൻ ഹർജി ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ തീരുമാനം തിരുത്താനും, ഇടപാടുമായി ബന്ധപ്പെട്ട് അധികാര സ്ഥാനങ്ങളിലുള്ളവരെ തൽസ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്താനും സർക്കാർ തയ്യാറാകുമോ;

(ഡി) ഇടപാടിലെ ധനപരമായ ഉത്തരവാദിത്തം അന്നത്തെ മന്ത്രി സഭയിലെ ആർക്കായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

പാറ്റൂരിലെ ഭൂമിയിടപാടിനെ സംബന്ധിച്ച വിജിലൻസ് അന്വേഷണം .

1986. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പാറ്റൂരിൽ നടന്ന ഭൂമിയിടപാടിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) വിജിലൻസ് ലോകായുക്തക്കു നൽകിയ റിപ്പോർട്ടിൽ ആർക്കെല്ലാം പങ്കുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്

(സി) വിജിലൻസ് അന്വേഷണത്തിൽ എത്ര സെന്റ് പുറമ്പോക്കു ഭൂമി കൈയ്യേറി ഫ്ലാറ്റ് നിർമ്മിച്ചതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

മന്ത്രിസഭാംഗങ്ങൾക്കെതിരെയുള്ള വിജിലൻസ് കേസ്

1987. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിസഭയിലെ എത്ര അംഗങ്ങൾക്കെതിരെ വിജിലൻസ് കേസ് അന്വേഷണം നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം കേസുകളിലായി ഏതെല്ലാം മന്ത്രിമാർക്കെതിരെയാണ് വിജിലൻസ് കേസുകളുള്ളത് ; വിശദവിവരം നൽകുമോ ; ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ ?

ലോക്കപ്പ് മർദ്ദനം

1988. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ലോക്കപ്പ് മർദ്ദനം സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ 18 വയസിന് താഴെയുള്ള എത്ര കുട്ടികളെ ലോക്കപ്പ് മർദ്ദനത്തിന് വിധേയരാക്കി; ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ;

വ്യക്തമാക്കാമോ ;

(സി)

<u>കാഞ്ഞങ്ങാട് ചെമ്മട്ടം വയലിലെ സബ് ജയിൽ</u>

1989. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ചെമ്മട്ടം വയലിൽ പ്രവർത്തിച്ചിരുന്ന സബ് ജയിൽ എന്നാണ് ജില്ലാ ജയിലാക്കി ഉയർത്തിയതെന്ന് അറിയിക്കാമോ;

(ബി) ജില്ലാ ജയിലായി ഉയർത്തിയശേഷം ഏതൊക്കെ പുതിയ തസ്തികകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളതെന്നും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇവിടെ എത്ര സ്ത്രീ-പുരുഷ തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യമാണുള്ളതെന്നും നിലവിൽ എത്ര തടവുകാരുണ്ടെന്നും വിശദീകരിക്കാമോ;

(ഡി) കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>മരങ്ങളുടെ സംരക്ഷണം</u>

1990. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വനം വകുപ്പ് മരംവെച്ച് പിടിപ്പിക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പരിപാടിയിൽ വെച്ച്പിടിപ്പിച്ച മരങ്ങൾ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ;

(സി) പരിസ്ഥിതി ദിനാചരണത്തിന്റെയും മറ്റും ഭാഗമായി വെച്ച്പിടിപ്പിക്കുന്ന മരങ്ങൾ പിന്നീട് സംരക്ഷിക്കാതിരിക്കുന്നതിനാൽ ഉദ്ദേശിക്കുന്ന ഫലമുണ്ടാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മരങ്ങൾ ആര് വെച്ച് പിടിപ്പിച്ചാലും അവയെ സംരക്ഷിക്കുന്നതിനു ആവശ്യമായ നടപടി വനം വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>വനം ഭൂമികൈയ്യേറ്റവും വനം കൊള്ളയും</u>

1991. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം ഭൂമികൈയ്യേറ്റവും വനം കൊള്ളയും വ്യാപകമാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ വനഭൂമി കൈയ്യേറ്റവും വനം കൊള്ളയുമായി ബന്ധപ്പെട്ട എത്ര കേസുകൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) വനം കൈയ്യേറ്റവും വനം കൊള്ളയും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ശബരിമല ളാഹയിൽ സത്രം</u>

1992. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല ളാഹയിൽ സത്രം നിർമ്മിക്കുന്നതിനും നിർമ്മലപുരം മണ്ണാരത്തറ റോഡ് നിർമ്മാണത്തിനും എന്നാണ് എം.എൽ.എ പ്രോപ്പോസൽ നൽകിയിട്ടുള്ളത്;

(ബി) എത്ര രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലായെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തിക്ക് ഇനിയും ഭരണാനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(ഡി) അടിയന്തരമായി ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>കേന്ദ്ര ഫണ്ട്</u>

1993. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പൂർണ്ണ/ഭാഗിക വിഹിതഫണ്ട് ലഭ്യതയോടെ നിലവിൽ സംസ്ഥാനത്ത് വനം വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് തുകവിവരമടക്കം ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി വിവരം ഇനംതിരിച്ച് അറിയിക്കുമോ?

## വനാവകാശ നിയമം

T 1994. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വന ഭൂമി പതിച്ച് നൽകി ഭൂമിയിലുള്ള അവകാശം ഉറപ്പാക്കുന്ന നിയമം സംസ്ഥാനത്ത് എന്ന് മുതലാണ് നടപ്പിലായതെന്ന് വ്യക്തമാക്കാമോ;

(ബി) വനാവകാശ നിയമം നടപ്പാക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് കേന്ദ്രം സംസ്ഥാനത്തിനു വിട്ടു നൽകിയത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര ഏക്കർ ഭൂമിയാണ് ഇതുവരെ വിതരണം ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) 2006 മേയ് മുതൽ 2011 മേയ് വരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഇ) 2011 ജൂണിന് ശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(എഫ്) വനാവകാശനിയമപ്രകാരം കേന്ദ്രം അനുവദിച്ച എത്ര ഏക്കർ ഭൂമി ഇനി വിതരണം ചെയ്യാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## സോഷ്യൽ ഫോറസ്റ്റി വിഭാഗത്തിന്റെ പദ്ധതികൾ

1995. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ഫോറസ്റ്റി വിഭാഗം ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) ഇവയിൽ കേന്ദ്രഫണ്ട് പൂർണ്ണ വിഹിതമോ ഭാഗിക വിഹിതമോ ആയി ലഭ്യമാകുന്നവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണങ്ങൾ

1996. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ വനാതിർത്തിയിൽ താമസിക്കുന്ന മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും കൃഷിക്കും നിരന്തരം നാശനഷ്ടങ്ങൾ ഉണ്ടാകുന്ന കാര്യം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിന് ഏതെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഇത്തരത്തിൽ നാശനഷ്ടമുണ്ടായതിന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുക നഷ്ടപരിഹാരയിനത്തിൽ ചെലവായിട്ടുണ്ട് ;

(ഡി) വന്യജീവി ആക്രമണത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എന്തു തുക ചെലവാക്കി ;

(ഇ) വന്യജീവി ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്ഥിരം സംവിധാനം ശാസ്ത്രീയമായി ഒരുക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോയെന്ന് വിശദമാക്കുമോ

<u>വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പ്രദേശങ്ങളിൽ കരിങ്കൽ ഭിത്തികെട്ടുന്നത്</u>

1997. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളുടെ സമീപത്ത് താമസിക്കുന്ന പൊതുജനങ്ങളുടെ സ്വത്തിനും ജീവനും വന്യജീവികളുടെ ആക്രമണങ്ങളിൽ പരിക്കുകളും, നാശനഷ്ടങ്ങളും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പ്രദേശങ്ങളിൽ കരിങ്കൽ ഭിത്തികെട്ടി വന്യജീവി ശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഇതിനായി 2014-15 വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ആയത് പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ഇതിനായി ചെലവഴിച്ച തുക എത്ര ; പ്രസ്തുത പ്രശ്നപരിഹാരത്തിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനും അതിലേക്ക് പണം കണ്ടെത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>വാഴക്കോട് ജംഗ്ഷനിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ</u>

1998. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വാഴക്കോട് ജംഗ്ഷനിൽ തുടർച്ചയായി നടക്കുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് നിലവിലുള്ള വലിയ വളവ് ഒഴിവാക്കി റോഡിന്റെ ഘടനയിൽ മാറ്റം വരുത്തുവാൻ വനം വകുപ്പിൽ നിന്ന് കുറച്ച് സ്ഥലം

വിട്ടുകിട്ടുന്നതിന് പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഭൂമി വിട്ടുകൊടുക്കുവാൻ വനം വകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>കൊച്ചിൻ ഫോറസ്റ്റ് ട്രാംവെ പൈതൃക മ്യൂസിയം</u>

T 1999. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കേന്ദ്രമായി കൊച്ചിൻ ഫോറസ്റ്റ് ട്രാംവെ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ട്രാംവെ മ്യൂസിയം യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഇക്കോടൂറിസം</u>

2000. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

**,,** വി.ഡി.സതീശൻ

**,,** പി.സി വിഷ്ണുനാഥ്

**,,** ഐ.സി.ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതിക്കായി പ്രദേശങ്ങൾ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ?

<u>മട്ടന്നൂർ പന്നിയോട്-ചെന്നപ്പൊയിൽ റോഡ് നിർമ്മാണം</u>

2001. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിനു കീഴിലെ പന്നിയോട്-ചെന്നപ്പൊയിൽ റോഡ് നിർമ്മാണത്തിന് ഫണ്ട്

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

(സി) 2014-15 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

## വനമേഖലകളിൽ നിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങളുടെ വില്പന

2002. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന വിഭവങ്ങളുടെ വിപണനത്തിനായി വനം വകുപ്പിന് ഏതെല്ലാം സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന വിവരം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഇത്തരം റീട്ടെയിൽ ഔട്ട് ലെറ്റുകൾ എല്ലാ ജില്ലയിലും കൂടുതൽ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കുമോ ;

(സി) ഇത്തരം ഉല്പന്നങ്ങൾ അന്തർദേശീയ തലത്തിൽ വിപണനം നടത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ ആയത് വിശദമാക്കുമോ ?

## മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

2003. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**

**,, കെ.മുഹമ്മദുണ്ണി ഹാജി**

**,, എൻ. ഷംസുദ്ദീൻ**

**,, എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനാതിർത്തികളിൽ നടക്കുന്ന മാവോവാദി പ്രവർത്തനങ്ങളെക്കുറിച്ച് വനം വകുപ്പ് റിപ്പോർട്ട് നൽകാറുണ്ടോ;

(ബി) വനം വകുപ്പിന്റെ സ്ഥാപനങ്ങളിൽ ആക്രമണം നടത്താൻ പ്രേരിപ്പിച്ച സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

## വനാതിർത്തിയിലെ കൊള്ളക്കാരും തീവ്രവാദികളും

2004. **ശ്രീ.എ. കെ. ശശീന്ദ്രൻ**

**,, തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും

ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യ വനത്തിലും കേരളത്തോട് അതിർത്തി പങ്കിടുന്ന ഭാഗങ്ങളിലും കൊള്ളക്കാരും പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെയുള്ളവരും തമ്പടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെയ്യാർ, പേപ്പാറ, അഗസ്ത്യ വനം ബയോളജിക്കൽ പാർക്ക് എന്നീ വന്യജീവി സങ്കേതങ്ങളിൽ ഉൾക്കൊള്ളുന്ന 'ആന നിരത്തി' പോലുള്ള സ്ഥലങ്ങളിൽ ആദിവാസി കേന്ദ്രങ്ങളുടെ സഹായത്തോടെ ഒളിജീവിതം നടത്തുന്ന കൊള്ളക്കാരെയും, തീവ്രവാദികളെയും പിടികിട്ടാപ്പുള്ളികളെയും കസ്റ്റഡിയിൽ എടുക്കുവാൻ വനം വകുപ്പുകാരോ, പോലീസുകാരോ ശ്രദ്ധിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിയന്തരമായി കൊള്ളക്കാരെയും തീവ്രവാദികളെയും പിടികിട്ടാപ്പുള്ളികളെയും കസ്റ്റഡിയിൽ എടുക്കുവാൻ നടപടി സ്വീകരിയ്ക്കുമോയെന്ന് വിശദമാക്കാമോ?

## കാട്ടുപന്നികളുടെ അക്രമണം

2005. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ ചില ഭാഗങ്ങളിൽ കാട്ടുപന്നികളുടെ ശല്യം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണു പന്നികളുടെ ശല്യമുള്ളത്; ഇത് നിയന്ത്രിക്കാനും തടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പന്നികളുടെ അക്രമം മൂലം കാസർകോട് ജില്ലയിൽ എത്രപേർക്കു ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്ര പേർക്കു പരുക്കു പറ്റിയിട്ടുണ്ട്; ഇവർക്കു നൽകിയ സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ?

## ആദിവാസികൾക്കായി വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

2006. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസികൾക്കായി വനം വകുപ്പ് എത്ര പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കായി എത്ര രൂപാ നീക്കിവച്ചുവെന്നും ഓരോന്നിനും എത്ര രൂപ

ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ വിലയിരുത്തൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) ഇടമലക്കുടി ആദിവാസികൾക്ക് ഏലം കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നടത്തിയ വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ചൊക്കനക്കാരിക്കടവ് ട്രൈബൽ കോളനി റോഡ്</u>

2007. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊക്കനക്കാരിക്കടവ് ട്രൈബൽ കോളനി റോഡ് നന്നാക്കുന്നതിനായി നിരവധി തവണ നിവേദനം നൽകിയിട്ടും വനം വകുപ്പിന്റെ അനുമതി ലഭിക്കാതെ പണി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വനം വകുപ്പ് അനുമതി നൽകാൻ എന്തെങ്കിലും തടസ്സം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ;എങ്കിൽ തടസ്സം എന്താണ് ; വിശദമാക്കാമോ;

(സി) ചൊക്കനക്കാരിക്കടവ് റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് വനം വകുപ്പ് എന്ന് അനുമതി നൽകും ; വ്യക്തമാക്കാമോ

(ഡി)

<u>വാമനപുരത്ത് കാട്ടുപന്നികളുടെയും കുരങ്ങുകളുടെയും ആക്രമണം</u>

2008. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കാട്ടുപന്നികളുടെയും കുരങ്ങുകളുടെയും ആക്രമണങ്ങളിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ബി) മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും എത്ര തുകയാണ് നഷ്ടപരിഹാരമായി നല്കിവരുന്നത് ; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നഷ്ടപരിഹാരത്തുകയ്ക്ക് പുറമെ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ ഇവർക്ക് നല്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

## നെല്ലിയാമ്പതിയിലെ കരുണ പോബ്സൺ എസ്റ്റേറ്റിലെ ഭൂമി

2009. ശ്രീ.എ.കെ.ബാലൻ

,, വി.ചെന്താമരാക്ഷൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ കരുണ പോബ്സൺ എസ്റ്റേറ്റിലെ 876 ഏക്കർ ഭൂമി കയ്യേറ്റത്തെക്കുറിച്ച് ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഭാഗമായി എന്തെല്ലാം ശിപാർശകളാണ് ലഭിച്ചിരുന്നത്; ശുപാർശകളിന്മേലുള്ള വനം വകുപ്പിന്റെ നിലപാട് അറിയിക്കാമോ;

(ബി) ഭൂമി കയ്യേറ്റ പ്രശ്നം നിയമസഭയിൽ ഉന്നയിക്കപ്പെട്ടതിനെത്തുടർന്ന്, ഭൂനികുതി സ്വീകരിച്ച നടപടി റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(സി) ഇതിനെതിരെ പോബ്സൺ ഗ്രൂപ്പ് കോടതിയെ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ചിട്ടുള്ള ഹർജിയിൽ, ഭൂമി പ്രശ്നത്തിൽ സ്വകാര്യഭൂമിയാണെന്ന് നേരത്തെ നിയമോപദേശം നൽകിയ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ടയാളാണോ ഇപ്പോൾ പോബ്സൺ ഗ്രൂപ്പിനു വേണ്ടി ഹൈക്കോടതിയിൽ കേസ് വാദിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) അന്വേഷണ റിപ്പോർട്ട് അട്ടിമറിക്കപ്പെടുമെന്ന ആശങ്കയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ നിയോഗിച്ച് സർക്കാരിനു വേണ്ടി കേസ് വാദിക്കാൻ തയ്യാറാകുമോ ;

(ഇ) ഹൈക്കോടതിയിൽ നിന്നുണ്ടായ ഇടക്കാല ഉത്തരവും അതേ തുടർന്നുള്ള നടപടികളും വ്യക്തമാക്കാമോ?

## ആഘാത നിർണ്ണയ അതോറിറ്റിയും വിദഗ്ധ സമിതിയും

2010. ശ്രീ.എം. ഹംസ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, പി.ടി.എ. റഹീം

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയും വിദഗ്ധ സമിതിയും പുന:സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) അതോറിറ്റിയും വിദഗ്ധ സമിതിയും ഏത് തീയതി മുതലാണ് ഇല്ലാതായതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച ശുപാർശ, ശുപാർശയിന്മേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി എന്നിവ എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) അതോറിറ്റി ചെയർമാന്റെയും മറ്റും യോഗ്യത, പരിചയം, പ്രായം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് ലംഘിച്ചുകൊണ്ടായിരുന്നു സംസ്ഥാനം ശുപാർശ സമർപ്പിച്ചതെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) അതോറിറ്റി മുൻപാകെ സമർപ്പിക്കപ്പെട്ട പരിസ്ഥിതി അനുമതിയ്ക്കായുള്ള അപേക്ഷകൾ എത്രയെണ്ണം പെന്റിംഗിലുണ്ടെന്ന് വ്യക്തമാക്കാമോ?

<u>സംസ്ഥാന പരിസ്ഥിതി ആഘാത പരിശോധനാ സമിതി</u>

T 2011. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറി (പാറമട) ഉൾപ്പെടെയുള്ള ഖനനപ്രവർത്തനങ്ങളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാന പരിസ്ഥിതി ആഘാത പരിശോധന സമിതി (സ്റ്റേറ്റ് എൻവെയർമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി) രൂപീകരിക്കാത്തതു കാരണം കരിങ്കല്ല്, മണ്ണ്, മണൽ ഖനനാനുമതിക്ക് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഖനന അനുമതി നൽകുന്നതിനും, പുതുക്കുന്നതിനും ഈ അതോറിറ്റിയുടെ അനുമതി ആവശ്യമാണോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രാനുമതി ആവശ്യമുണ്ടോ ;വിശദമാക്കുമോ ;

(ഡി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

<u>വനം വകുപ്പിന്റെ ഹെൽപ് ഡെസ്ക്</u>

2012. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ വനം വകുപ്പിന്റെ ഹെൽപ് ഡെസ്ക്

സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ എം.എൽ.എ. എന്നാണ് നൽകിയിട്ടുള്ളത്;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് എസ്റ്റിമേറ്റിലുള്ളത്; ഇത് സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(സി) എം.എൽ.എ. പ്രൊപ്പോസൽ നൽകി ഇത്രനാൾ കഴിഞ്ഞിട്ടും ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം അറിയാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളത് എന്നും അറിയുമോ;

(ഡി) ഇതിന് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>അനധികൃത ക്വാറികളുടെ അടച്ചുപൂട്ടൽ</u>

2013. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനധികൃത ക്വാറികൾ അടച്ചുപൂട്ടാനും പിഴ ഈടാക്കാനും ജില്ലാകലക്ടർമാർക്ക് അധികാരം നൽകിക്കൊണ്ട്30.5.2013 7/14 /പരി ഉത്തരവനുസരിച്ച് എത്ര ക്വാറികൾ അടച്ചുപൂട്ടി; അവ ഏതെല്ലാം ജില്ലകളിലാണ്?

(ബി) പ്രസ്തുത ഉത്തരവനുസരിച്ച് ലഭിച്ച പിഴ സംഖ്യ എത്രയാണ്; ഏതെല്ലാം ക്വാറികൾ പിഴ അടച്ചുവെന്ന് വ്യക്തമാക്കാമോ?

<u>പരിസ്ഥിതി ആഘാത പഠനം</u>

2014. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ഏജൻസികളാണ് പരിസ്ഥിതി ആഘാതപഠനം നടത്തുന്നത് ;വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് പ്രസ്തുത ഏജൻസികൾ മുമ്പാകെ നാളിതുവരെയായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പരിസ്ഥിതി ആഘാതപഠനം നടത്തി എത്ര കരിങ്കൽ ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകിയെന്ന് വ്യക്തിമാക്കുമോ ?

## കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

2015. ശ്രീ.കെ.ശിവദാസൻ നായർ
,, വി.റ്റി.ബൽറാം
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ

## വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം

2016. ശ്രീ.കെ.ശിവദാസൻ നായർ
,, പാലോട് രവി
,, ടി.എൻ. പ്രതാപൻ
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം പ്രോൽസാഹിപ്പിക്കുന്നതിന് അവാർഡ് നൽകാറുണ്ടോ; എങ്കിൽ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(സി) എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലം, ടോയിലറ്റ് സൗകര്യം, കാര്യക്ഷമമായ മാലിന്യ നിർമ്മാർജനം എന്നിവ പരിസ്ഥിതി അവാർഡ് നിർണയത്തിൽ നിഷ്കർഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ; വിശദാംശം നൽകാമോ ?

## ദേവമാതാ കോളേജിന്റെ നീന്തൽകുള നിർമ്മാണം

2017. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് ദേവമാതാ കോളേജിന്റെ നീന്തൽകുള നിർമ്മാണവുമായി ബന്ധപ്പെട്ട് സ്പോർട്സ് കൗൺസിൽ പുതുക്കിയ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; കിറ്റ്കോ നൽകിയിരിക്കുന്ന പ്രോജക്ടിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) എസ്റ്റിമേറ്റ് സ്പോർട്സ് കൗൺസിൽ റിവൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) നീന്തൽകുള നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് വഴി നൽകിയിരിക്കുന്ന ഡി.പി.ആറിൽ സ്പോർട്സ് കൗൺസിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് കൗൺസിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

## ആലപ്പുഴ ജില്ലയിലെ ദേശീയ ഗെയിംസ്

2018. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനോടനുബന്ധിച്ച് ഏതെല്ലാം മത്സരങ്ങളാണ് ആലപ്പുഴ ജില്ലയിൽ നടത്തിയത് എന്ന് അറിയിക്കാമോ;

(ബി) ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾക്കായി ആലപ്പുഴ ജില്ലയിൽ എന്തു തുക ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി ആലപ്പുഴ ജില്ലയിൽ എന്തു തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ?

## അന്വേഷണം നേരിടുന്ന സ്പോർട്സ് കൗൺസിൽ അഫിലിയേറ്റഡ് ഭാരവാഹികൾ.

2019. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അസോസിയേഷനുകളുടെ സംസ്ഥാന ഭാരവാഹികളിൽ ആരെങ്കിലും വിവിധ ചാമ്പ്യൻഷിപ്പുകൾ നടത്തിയതിൽ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേര് വിവരം വിശദമാക്കാമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നതും കുറ്റപത്രം നൽകിയതുമായ പ്രസ്തുത വ്യക്തികളെ തൽസ്ഥാനത്ത് നിന്ന് മാറ്റി നിർത്തിയാണോ അന്വേഷണം നടത്തുന്നതെന്ന കാര്യം വ്യക്തമാക്കാമോ;

(ഡി) ദേശീയ ഗെയിംസ് നടത്തിപ്പുമായുള്ള സാമ്പത്തിക ക്രയവിക്രയങ്ങൾ ഈ ഭാരവാഹികൾ മുഖേന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) കുറ്റാരോപിതരായ ഇവർക്കെതിരെ സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>പൈകാ പദ്ധതി</u>

2020. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പൈകാ പദ്ധതി പ്രകാരം മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>കായിക നയ പരിഷ്കരണം</u>

2021. **ശ്രീ.വി.ഡി.സതീശൻ**

**,,** ബെന്നി ബെഹനാൻ

**,,** ഷാഫി പറമ്പിൽ

**,,** അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള കായിക നയത്തിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ദേശീയ ഗെയിംസ നടത്തിപ്പിലെ അഴിമതികൾ</u>

2022. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,,** വി.ശിവൻകുട്ടി

**,,** ബി.സത്യൻ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തലത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ദേശീയ ഗെയിംസ് നടത്തിപ്പിൽ ആക്ഷേപിക്കപ്പെട്ട അഴിമതിക്കും പാളിച്ചകൾക്കും ധൂർത്തിനും ഭീമമായ പ്രവർത്തന ചെലവുകൾക്കും ഇടയാക്കിയ സാഹചര്യങ്ങൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; ആക്ഷേപം ഉയർന്നു വന്ന സാഹചര്യത്തിൽ പണം തിരിച്ചു നൽകാൻ തയ്യാറായവർ ആരൊക്കെ, ഏതെല്ലാം ഇനത്തിൽ നൽകിയ പണം ആരെല്ലാം തിരിച്ച് നൽകുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; വരവ് ചെലവു കണക്കുകൾ എത്ര ദിവസത്തിനകം ആഡിറ്റ് ചെയ്യണമെന്നാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ നിർദ്ദേശിച്ചിരുന്നത്;

(സി) അഴിമതി ആരോപണങ്ങളെകുറിച്ചുള്ള അന്വേഷണത്തിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്; ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ച ആവശ്യം എന്തായിരുന്നു;

(ഡി) ഗെയിംസുമായി ബന്ധപ്പെട്ട ഏതെല്ലാം കമ്മിറ്റികളിൽ നിന്ന് ആരെല്ലാം രാജിവെക്കുകയുണ്ടായി; പ്രവർത്തനങ്ങളിൽ അസംതൃപ്തി അറിയിച്ചവർ ആരൊക്കെ; എന്തെല്ലാം കാരണങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു രാജി; ചുമതലയൊഴിയാൻ കായിക വകുപ്പ് മന്ത്രി കത്ത് നൽകാൻ കാരണമെന്തായിരുന്നു; എന്തുകൊണ്ട് സ്വീകരിക്കപ്പെട്ടില്ല;എന്ന് അറിയിക്കുമോ ;

(ഇ) യഥാസമയം ഗെയിംസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനും ഉപകരണങ്ങൾ ലഭ്യമാക്കാനും കഴിയാതിരുന്നതിനുള്ള കാരണമെന്തായിരുന്നു?

<u>ദേശിയ ഗെയിംസ് ജംഗമ വസ്തുക്കളുടെ പുനരുപയോഗം</u>

2023. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ഗെയിംസിന്റെ ഭാഗമായി സമാഹരിക്കപ്പെട്ട വിവിധ ജംഗമ വസ്തുകളിൽ പുനരുപയോഗയുക്തമായവ ഏതൊക്കെയാണെന്ന് പട്ടികപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിവിധതരം ഫർണീച്ചറുകളും സ്റ്റേഷനറിയും സൂക്ഷിച്ചുവെക്കാതെ പുനരുപയോഗയുക്തമായവ സ്ഥാപനങ്ങൾക്ക് കൈമാറുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പുരോഗതി അറിയിക്കാമോ;

(സി) ഗെയിംസ് വില്ലേജിലെ വീടുകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം

നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്?

ദേശീയ ഗെയിംസ് അഴിമതി

2024. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച് ഏതു തരത്തിലുള്ള അന്വേഷണമാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

ദേശീയ ഗെയിംസിനു വാങ്ങിയ കായിക ഉപകരണങ്ങൾ

2025. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനുവേണ്ടി ഏതെല്ലാം കായിക ഉപകരണങ്ങൾ വിലയ്ക്കു വാങ്ങുകയുണ്ടായിട്ടുണ്ട്;

(ബി) യഥാസമയം ഉത്തരവ് നൽകാൻ കഴിയാതിരുന്നതുമൂലം വാടകയ്ക്ക് വാങ്ങേണ്ടതായി വന്ന കായിക ഉപകരണങ്ങൾ ഏതെല്ലാം;

ദേശീയ ഗെയിംസിനു വേണ്ടി ചെലവഴിച്ച തുക

2026. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിനു വേണ്ടി ഡിസംബർ 1 മുതൽ ഇതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നും ഓരോ ആവശ്യങ്ങൾക്കും എത്രയൊക്കെ തുകയാണ് ചെലവഴിച്ചതെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ടു വാങ്ങിയ കായിക ഉപകരണങ്ങൾ

2027. ശ്രീ.വി.ശിവൻകുട്ടി

,, പി.കെ.ഗുരുദാസൻ

,, എ.എം. ആരിഫ്

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ ഗെയിംസിന്റെ ആവശ്യാർത്ഥം വാങ്ങാൻ തീരുമാനിച്ചിരുന്ന കായിക ഉപകരണങ്ങളും മറ്റും ഗെയിംസ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ ബന്ധപ്പെട്ട് കേന്ദ്രങ്ങളിൽ എത്തിക്കാനും കായികതാരങ്ങൾക്ക് ഉപയോഗിക്കാനും സാധ്യമാവുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ബി) കായിക ഉപകരണങ്ങളും മറ്റും കൃത്യസമയത്തിനകം വാങ്ങാൻ സാധിക്കാതിരുന്നതിനാൽ വാടകയ്ക്ക് വാങ്ങി ഉപയോഗിക്കേണ്ടി വന്നവ പ്രധാനമായും എന്തൊക്കെ;

(സി) ദേശീയ ഗെയിംസിന്റെ ആവശ്യാർത്ഥം ജംഗമമായ വസ്തുക്കൾ വാങ്ങുന്നതിന് ബജറ്റിൽ വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; വാങ്ങിയ ജംഗമ വസ്തുക്കൾ യഥാസമയം ലഭ്യമാകാത്തതിനാൽ വാടകയ്ക്ക് എടുക്കേണ്ടിവന്നതിലുണ്ടായ അധിക ചെലവ് എത്ര; എന്നീ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ?

## മഞ്ചേരി ഫുട്ബോൾ അക്കാഡമി

2028. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നാഷണൽ ഗയിംസിനായുള്ള നിർമ്മിതികൾ ഭാവിയിൽ ഉപയോഗപ്പെടുത്തുന്നതിന് നടപടി

2029. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ**

,, പി.കെ.ബഷീർ

,, സി.മോയിൻ കുട്ടി

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങൾ ഉൾപ്പെടെയുള്ള നിർമ്മിതികൾ ഭാവിയിൽ ഏതൊക്കെ വിധത്തിൽ ഉപയോഗപ്പെടുത്താനാവുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഗയിംസ് വില്ലേജിലെ കോട്ടേജുകൾ ഏതു രീതിയിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഗയിംസിനായി വാങ്ങിയ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുവകകൾ ഉപയോഗപ്രദമായി വിനിയോഗിക്കുന്ന കാര്യം പരിശോധിച്ച് ശുപാർശ നൽകാൻ ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരുൾപ്പെട്ട സമിതിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുമോ ?

അങ്കമാലി നിയോജകമണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയം

2030. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ പഞ്ചായത്ത് വക 50 സെന്റ് സ്ഥലത്ത് വോളിബോൾ, ബാഡ്മിന്റൽ കോർട്ട്, ട്രാക്കുകൾ, ജിംനേഷ്യം, കമ്മ്യൂണിറ്റി ഹാൾ, ഷോപ്പിംഗ് സെന്റർ, പബ്ലിക് ലൈബ്രറി എന്നിവ ഉൾക്കൊളളുന്ന ഒരു ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിനായി അനുമതിയും ധനസഹായവും ലഭ്യമാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുളള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല

2031. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന് ശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം നാശത്തിലേക്ക് പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റേഡിയം സംരക്ഷിയ്ക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

കളരിപ്പയറ്റ് മത്സരങ്ങൾ

2032. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരളിപ്പയറ്റ് മത്സരങ്ങൾ നടത്തുന്നതിന് കേരള സ്പോർട്സ് കൗൺസിലിന്റെയോ കേരള കളരിപ്പയറ്റ് അസോസിയേഷന്റെയോ നിയമാവലി നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജില്ലാ-സംസ്ഥാന തല കളരിപ്പയറ്റ് മത്സരത്തിന്റെ വിധികർത്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(സി) ജില്ലാ സംസ്ഥാന തല കളരിപ്പയറ്റ് മത്സരങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ചില പ്രത്യേക കളരിപ്പയറ്റ് സംഘത്തിലെ അഭ്യാസികളെ വിജയികളായി പ്രഖ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

## ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം

2033. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഇപ്പോൾ നടന്നുവരുന്ന സിനിമാ അനുബന്ധ പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) കൂടുതൽ സിനിമ സംവിധായകരെ ആകർഷിക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പുന:രുദ്ധരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## സാംസ്കാരിക ക്ഷേമനിധി പെൻഷൻ

T 2034. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധി പെൻഷൻ പദ്ധതി ആരംഭിച്ചത് എന്നാണ്;

(ബി) എത്ര രൂപയാണ് പ്രതിമാസം പെൻഷനായി നൽകുന്നത്;

(സി) ക്ഷേമനിധിയിൽനിന്നും എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ട്; അവസാനമായി പെൻഷൻ നൽകിയത് എന്നാണ്?

## കെ. എസ്.ആർ.ടി.സി യിൽ കണ്ടക്ടർ തസ്തികയിലെ ഒഴിവുകൾ

2035. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി.യിൽ 2012 ൽ നിലവിൽ വന്ന കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നടന്ന നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത

നിയമനത്തിനു ശേഷം എത്ര എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടായി എന്നും ഇതിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) നിലവിൽ കെ. എസ്.ആർ.ടി.സി യിൽ കണ്ടക്ടർ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്മേൽ നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ട്രാഫിക് സമയങ്ങളിൽ തടിലോറികൾ.</u>

2036. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരിച്ച തടി ഉരുളുകൾ കയറ്റിയ ലോറികൾ ട്രാഫിക് തിരക്കേറിയ പകൽ സമയങ്ങളിൽ പ്രധാന പാതകളിലൂടെ പോകുന്നതു മൂലമുള്ള അപകടസാധ്യത തടയുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(ബി) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്ന ഇത്തരം തടിലോറികളുമായി ബന്ധപ്പെട്ട് എത്ര കേസ് ഇക്കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ?

<u>കെ.എസ്.ആർ.ടി.സി യുടെ പ്രതിസന്ധി</u>

2037. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യുടെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും കെ.എസ്.ആർ.ടി.സി യുടെ ആകെ നഷ്ടം ഇപ്പോൾ എത്രയാണെന്നും വിശദമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി യിലെ താൽകാലിക ജീവനക്കാർ</u>

2038. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ ആകെ എത്ര താൽകാലിക ജീവനക്കാർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ എത്ര വർഷമായി സേവനം അനുഷ്ഠിക്കുന്നു എന്നതു സംബന്ധിച്ച് തസ്തിക

തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) താൽകാലിക ജീവനക്കാർക്ക് പലപ്പോഴും ഡ്യൂട്ടി ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കെ.എസ്..ആർ.ടി.സി യിലെ ഒഴിവുകളുടെ വിശദാംശങ്ങളും നിയമന രീതിയും വിശദമാക്കുമോ?

<u>കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ ,എൽ.ഐ.സി പോളിസി വിഹിതം</u>

2039. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ ഫണ്ട്, എൽ.ഐ.സി പോളിസി വിഹിതം എന്നിവയിലായി എത്ര തുകയാണ് മാനേജ്മെന്റ് പ്രസ്തുത കമ്പനികൾക്ക് നൽകാനുള്ളത്; ഏത് മാസം വരെയുള്ള തുകകൾ പ്രസ്തുത ഫണ്ടിൽ അടച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന സർവ്വീസ്സുകൾ</u>

2040. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി എത്ര അന്തർസംസ്ഥാന സർവ്വീസ്സുകൾ നടത്തുന്നുണ്ട്;

(ബി) ദീർഘദൂര അന്തർ സംസ്ഥാന യാത്രക്കാർ നേരിടുന്ന റിസർവേഷൻ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഓൺലൈൻ റിസർവേഷൻ സംവിധാനം എത്ര സർവ്വീസ്സുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഇ) ഈ സംവിധാനം എല്ലാ അന്തർ സംസ്ഥാന സർവ്വീസുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നത്തേക്ക് ഇത് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>കെ.എസ്.ആർ.ടി.സി. സ്ഥലങ്ങൾ വാടകയ്ക്ക്</u>

2041. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെ കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ കം-ഷോപ്പിം കോപ്ലക്സിലെ സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതിനായി കോർപ്പറേഷൻ നിജപ്പെടുത്തിയിട്ടുള്ള പലിശ രഹിത ഡെപ്പൊസിറ്റ് എത്രയാണ് ;

(ബി) വാടകയ്ക്ക് പോകാതെ കിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതിനായി എത്ര തവണ ദർഘാസ് - ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;ഇത് എന്നല്ലാമായിരുന്നു ;

(സി) ആവശ്യക്കാരെ നേരിട്ട് കണ്ടെത്തി സ്ഥലം വാടകയ്ക്ക് നൽകുന്നതിനായി കെ.റ്റി.ഡി.എഫ്.സി.യുടെ ബോർഡ് തിരുമാനമെടുത്തിട്ടുണ്ടോ ;ഉണ്ടെങ്കിൽ ഇത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര സ്ഥലം വാടകയ്ക്ക് പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) വർഷങ്ങളായി വാടകയ്ക്ക് പോകാതെ കിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകുന്നതിനായി പ്രായോഗിക നടപടികൾ എന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;ഇനി എത്ര സ്ഥലങ്ങൾ വാടകയ്ക്ക് പോകാനിടയുണ്ടെന്ന് വ്യക്തമാക്കുമോ ?

## കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തന നവീകരണം

2042. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം നവീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരെയും, പൊതുജനങ്ങളെയും സഹകരിപ്പിച്ച് ജനസൗഹൃദ ഗതാഗത സൗകര്യം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനും കാര്യക്ഷമമാക്കാനും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ പുതിയ ലോഫ്ളോർ ബസ്സുകൾ

2043. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പുതിയ ലോഫ്ളോർ ബസ്സുകൾ നിരത്തിലിറക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

## കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ/റിസർവ് ഡ്രൈവർ നിയമനങ്ങൾ

2044. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലിസ്റ്റിൽ നിന്നും കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ/റിസർവ് ഡ്രൈവർ തസ്തികയിലേക്ക് എത്ര പേർക്ക് പി.എസ്.സി. നിയമന ശുപാർശനൽകിയ കത്താണ് കെ.എസ്.ആർ.ടി.സി ക്ക് ലഭിച്ചത്;

(ബി) ഇടതുപക്ഷ യുവജന സംഘടനകൾ നടത്തിയ സമരവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിന് പി.എസ്.സി. നിയമന ശുപാർശ നൽകിയ എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ ;

(സി) ഇപ്പോൾ എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ?

## കെ.എസ്.ആർ.ടി.സി.യിലെ പ്രശ്നങ്ങൾ -ഒത്തുതീർപ്പ് വ്യവസ്ഥകൾ

2045. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകളിൽ ഏതെല്ലാമാണ് നടപ്പായത് എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് പഠനം നടത്താൻ വിദഗ്ധ സമിതിയെ നിയോഗിക്കുമെന്ന തീരുമാനം നടപ്പാക്കാത്തത് എന്ത് കൊണ്ടാണ്?

## വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ്

2046. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-തൊട്ടിൽപ്പാലം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചെയിൻ സർവ്വീസ് സംബന്ധമായി കെ.എസ്.ആർ.ടി.സി. ഫീസിബിലിറ്റി

സ്റ്റഡി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചെയിൻ സർവ്വീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ബസ്സ് യാത്രാനിരക്ക്</u>

2047. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ വില കുറഞ്ഞ സാഹചര്യത്തിൽ ബസ്സ് യാത്രാനിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

<u>ഓട്ടോ, ടാകസി, ബസ്സ് നിരക്കുകൾ കുറയ്ക്കുന്നതിന് നടപടി</u>

2048. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ച തോതിലുള്ള വിലക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായതു കണക്കിലെടുത്ത് വർദ്ധിപ്പിച്ച ഓട്ടോ, ടാകസി, ബസ്സ് നിരക്കുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>എടത്വാ കെ.എസ്.ആർ.ടി.സി. കെട്ടിട നിർമ്മാണം</u>

2049. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപ അനുവദിച്ച എടത്വാ കെ.എസ്.ആർ.ടി.സി. കെട്ടിട നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പൂർത്തിയാക്കിയ പ്രവൃത്തിക്ക് കരാറുകാരന് എത്ര തുക അനുവദിച്ചുവെന്നും എന്ന് നിർമ്മാണം പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ?

ജൻറം പദ്ധതിയുടെ ഭാഗമായി പുതിയ ലോഫ്ലോർ ബസ്സുകൾ

2050. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻറം പദ്ധതിയുടെ ഭാഗമായി പുതുതായി എത്ര ലോഫ്ലോർ ബസ്സുകൾ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ നിന്നും ഓരോ ജില്ലയ്ക്കും അനുവദിച്ച എ.സി., നോൺ എ.സി ബസ്സുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ലോ ഫ്ലോർ ബസ്സുകൾ ജില്ലകൾക്ക് അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ജനസംഖ്യാനുപാതികമായി ഇത്തരം വാഹനങ്ങൾ ഓരോ ജില്ലക്കും അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

എലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച കെ. എസ്. ആർ. റ്റി. സി. ബസ് റൂട്ടുകൾ

2051. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര കെ. എസ്. ആർ. റ്റി. സി. ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട്ടു നിന്ന് പാവയിൽ ചീർപ്പ് വഴി കക്കോടിയ്ക്ക് പോകുന്ന ബസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ബസ് റൂട്ട് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കളക്ഷൻ കുറഞ്ഞ ബസ് റൂട്ടുകളിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ്

2052. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിയ്ക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന്

വെളിപ്പെടുത്താമോ;

(ബി) ഉദ്ഘാടനം ചെയ്യാത്ത ബസ്സ് സ്റ്റാന്റിൽ രണ്ടു മാസം മുൻപേ ഡീസൽ സ്റ്റോക്ക് ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ സ്റ്റോക്ക് ചെയ്യപ്പെട്ട ഇന്ധനത്തിന്റെ സംരക്ഷണത്തിനായി കാവൽക്കാരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഇനത്തിൽ എത്ര തുക ചെലവായെന്ന് വെളിപ്പെടുത്താമോ;

(ഇ) ഉദ്ഘാടനം ചെയ്യപ്പെടാത്ത ബസ്സ് സ്റ്റാന്റിൽ മുൻകൂട്ടി ഇന്ധനം സ്റ്റോക്ക് ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) കെ.എസ്.ആർ.ടി.സി. യ്ക്ക് അനാവശ്യ ചെലവുകൾ ഉണ്ടാക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേകം സ്ഥലങ്ങൾ</u>

2053. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ കവലകളിൽ കടന്നുവരുന്ന വാഹനങ്ങളെ മറച്ച് റോഡിന്റെ വശങ്ങളിൽ ദീർഘനേരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ട്രാഫിക് തടസ്സങ്ങളും അപകടങ്ങളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാമോ ;

(സി) എല്ലാ പ്രധാന റോഡുകളിലും തിരക്കൊഴിഞ്ഞ ഭാഗങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പ്രത്യേകം സ്ഥലങ്ങളും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നോയെന്ന് നിരീക്ഷിക്കുവാൻ സംവിധാനവും ഒരുക്കുമോ ?

<u>ഹെൽമെറ്റ് ധരിക്കുന്നതിൽ ഇളവ്</u>

2054. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്രമോടിക്കുന്ന ആർക്കെങ്കിലും ഹെൽമെറ്റ് ധരിക്കുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കൊക്കെയാണെന്നും എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട്- റാണീപുരം ബസ് സർവ്വീസ്

2055. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിന്നും റാണീപുരത്തേക്ക് കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസ് ആരംഭിക്കുന്നതിന് ചീഫ് ഓഫീസിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടും ബസ് ആരംഭിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബസ് സർവ്വീസ് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

2056. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ , കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ആകെ എത്ര ബസുകളുണ്ട് ; ഡിപ്പോ തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കാമോ ;

(ബി) ഇതിൽ സർവ്വീസ് നടത്താൻ കഴിയുന്നവ എത്ര ,കഴിയാത്തവ എത്രയെന്ന്ഡിപ്പോ തിരിച്ച് വിശദമാക്കാമോ ;

(സി) ഈ ഡിപ്പോകളിലേക്ക് പുതിയ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കുമോ ?

## റോഡപകടങ്ങൾ

2057. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതര അപകടങ്ങൾ വരുത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സ്ഥിരമായി റദ്ദ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ

(ബി) റോഡപകടങ്ങൾക്ക് കാരണമാകുന്ന തരത്തിൽ റോഡരുകിലെ അനധികൃത പാർക്കിംഗ്,പരസ്യ ബോർഡുകൾ, റോഡ്കയ്യേറ്റം എന്നിവ നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ നേതൃത്വത്തിൽ ഏകോപന സംവിധാനം ഏർപ്പെടുത്തുമോ?

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാനസൗകര്യ വികസനം

2058. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ എത്ര രൂപ അനുവദിച്ചുവെന്നും തുക ഏതൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുവെന്നുമുള്ള വിശദാംശം അറിയിക്കാമോ ;

(ബി) അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തികൾ പ്രസ്തുത ഡിപ്പോയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൗതിക സാഹചര്യങ്ങളുടെ കുറവുമൂലം ജീവനക്കാരും യാത്രക്കാരും ബുദ്ധിമുട്ട് അനുവഭിക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുമോ ?

യാത്രാനിരക്ക് വർദ്ധന

2059. **ശ്രീ.രാജു എബ്രഹാം**

**,,** സി.കെ സദാശിവൻ

**,,** എസ്.രാജേന്ദ്രൻ

**,,** കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരും വാഹനഉടമകളും യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഓരോ ഘട്ടത്തിലും പ്രധാനമായും ഉന്നയിച്ചിരുന്ന ആവശ്യം എന്തായിരുന്നു;

(ബി) ഈ സർക്കാർ എത്ര തവണ യാത്രാനിരക്ക് വർദ്ധിപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളുകയുണ്ടായി, ഓരോ ഘട്ടത്തിലേയും ഒരു ലിറ്റർ ഡീസലിന്റെയും പെട്രോളിന്റെയും വില എത്രയായിരുന്നു; നിലവിലുള്ള വില എത്ര;വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഇന്ധനവിലയുടെ അടിസ്ഥാനത്തിൽ യാത്രാ നിരക്കിൽ എത്ര ശതമാനം കുറവ് വരുത്താൻ കഴിയും;

(ഡി) ഏറ്റവും വില കുറഞ്ഞ ഇന്ധനം ഉപയോഗിച്ച് ബസ് ഓടിക്കാനുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രഖ്യാപിതതീരുമാനം നടപ്പിൽ വന്നിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം ബസ്സുകളിൽ ഇത് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മലപ്പുറം **KSRTC** ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

2060. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം KSRTC ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; അതിന്റെ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) പ്രൊജക്റ്റിന്റെ ഭരണാനുമതി റിവൈസ് ചെയ്യുന്നതിനും ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ അഴിമതി</u>

2061. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോർ വാഹന വകുപ്പിന്റെ ചെക് പോസ്റ്റുകളിൽ അഴിമതി നടക്കുന്നുണ്ടോ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള അഴിമതി അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നു വിശദമാക്കാമോ;

(ബി) ചെക് പോസ്റ്റുകളിൽ കഴിഞ്ഞ വർഷം എത്ര പരിശോധനകൾ നടത്തിയെന്ന് സ്ഥലം തിരിച്ച് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് പരിശോധനകൾ നടത്തിയത്; വിശദമാക്കാമോ?

(സി) ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയത്;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഓരോ ചെക് പോസ്റ്റിലും നടത്തിയ പരിശോധനകളിൽ പിടിച്ചെടുത്ത കണക്കിൽപെടാത്ത പണത്തിന്റെ അളവ് ചെക്പോസ്റ്റ് തിരിച്ച് വിശദമാക്കാമോ;

(ഇ) ചെക്പോസ്റ്റുകളിൽ പാസിംഗ് ഏജന്റുമാർ അഴിമതിക്ക് കൂട്ടുനിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഏജന്റുമാർ വഴിയുള്ള അഴിമതി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ജോയിന്റ് ആർ.റ്റി.ഒ. ഓഫീസുകൾ</u>

2062. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ജോയിന്റ് ആർ.റ്റി.ഒ. ഓഫീസുകൾ പുതുതായി ആരംഭിച്ചുവെന്നും ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ;

(ബി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ ജോയിന്റ് ആർ.റ്റി.ഒ. ഓഫീസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പുതുതായി ജോയിന്റ് ആർ.റ്റി.ഒ. ഓഫീസുകൾ അനുവദിക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>കുന്ദമംഗലം ജോയിൻറ് ആർ. ടി.ഒ. ഓഫീസ്</u>

2063. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ആസ്ഥാനമായി ജോയിൻറ് ആർ. ടി.ഒ. ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

<u>മോട്ടോർ വാഹന വകുപ്പ് മുഖാന്തിരം ലഭിച്ച വരുമാനം</u>

2064. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തികവർഷം മോട്ടോർ വാഹന വകുപ്പ് മുഖാന്തിരം ലഭിച്ച വരുമാനം എത്രയാണെന്നുള്ള ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ?

<u>വാഹനങ്ങളുടെ വേഗപരിധി നിയന്ത്രണം</u>

2065. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ വേഗപരിധി പരമാവധി ഓരോ റോഡിലും എത്രയാണെന്ന് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വേഗപരിധി ലംഘിക്കുന്നവർക്കെതിരെ എന്തു നടപടിയാണ്

കൈക്കൊള്ളുന്നത്; വേഗപരിധി നിയന്ത്രണത്തിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ വേഗപരിധി ലംഘിച്ചതിന്റെ പേരിൽ 2014 ജൂൺ മുതൽ 2015 ജനുവരി 31 വരെ എത്ര പേർക്ക് പിഴയൊടുക്കാൻ നോട്ടീസ് അയച്ചു; അവയിൽ മന്ത്രിമാർ, എം.എൽ.എ.മാർ, മറ്റ് പ്രധാനപ്പെട്ട വ്യക്തികൾ ഉൾപ്പെട്ടിരുന്നോ; ആരെല്ലാമാണെന്ന വിശദാംശം കൂടി ലഭ്യമാക്കാമോ;

(ഡി) വേഗപരിധി സംബന്ധിച്ച് വ്യക്തമായ ബോർഡുകൾ നിശ്ചിത അകലത്തിൽ സ്ഥാപിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>റോഡപകടങ്ങൾ</u>

2066. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവുമുള്ള റോഡപകടങ്ങളുടെ കണക്ക് താരതമ്യപഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
10-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.